Reg No. T. 125 പത്രാധിപർ ആർ. കൃഷ്ണൻനായർ Licence No. 680 Dated 22-9-1949

# വികടകേസരി

## രാഷ്ട്റീയ വിനോദ മാസിക.




സർദാർ പട്ടേലിൻെറ സ്ഥാനം സർ. സി. പി. സ്വീകരിച്ചാൽ………

ഒററപ്രതി 3 ണ.

**WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY,**
**PLEASE CONSULT**

# T. S. S. MANI & CO.,

**Jewellers and Dealers in Precious Stones**

MAIN ROAD : : : TRIVANDRUM. Phone No. 611



**Our Speciality:**
Reliable and Fashionable Ornaments and Silverwares Made to suit everyone's TASTE and PURSE

**A TRIAL WILL CONVINCE**

## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ. തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ല, തൃശൂർ, കോഴിക്കോട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്.

## ☞ ച്യവനപ്രാശം ലേഹ്യം റാത്തൽ 1-ന് 3 രൂപ.

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ച അടപ്പ്, രക്തവാദം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി, ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാത്തൂക്കംമുതൽ രണ്ടുരൂപാത്തൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ, ഏററവും നിഷ്കർഷയിലും സൂക്ഷ്മതയോടും തയ്യാർചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവേദഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക,

Sree Krishnavilasom Reading Room
Malayinkizh


# VIKATAKESARI

പുസ്തകം 1 | മാർച്ചു് 1950 | ലക്കം 5


## കേസരീ വീക്ഷണം

### അങ്ങിനെയാണു പോക്കു! 4507

തിരുവിതാംകൂർ കൊച്ചി എങ്ങോട്ടെന്നില്ലാതെ, എന്തിനെന്നില്ലാതെ കേൾപ്പോരും കേൾവിയുമില്ലാതെ, അങ്ങിനെയാണു പോക്കു്. കാൺഗ്രസ്സുകാരന്റെ ഭരണത്തിൽ, തമിഴനാടന്റേയും സ്വാതന്ത്ര്യന്റേയും പരാജിതന്റേയും എതൃപ്പിൽ, കൃസ്ത്യന്മാരുടെ തകർപ്പിൽ, മേനോന്മാരുടെ മേൽനോട്ടത്തിൽ, അങ്ങിനെയാണു പോക്കു്; എങ്ങോട്ടെന്നില്ലാത്ത പോക്കു്.

അംഗഭംഗമുള്ളവനെ സുന്ദരനാണെന്നും, കള്ളനെ സത്യവാനെന്നും, കരിഞ്ചന്തക്കാരനെ കൺട്രോൾക്കാരനെന്നും, കൈപൊക്കികളെ കരുത്തുള്ളവരെന്നും, വെറും മഠയശിരോമണിയെ അപാരബുദ്ധിമാനെന്നും, നേരമുള്ളപ്പോഴൊക്കെയും പുകഴ്ത്താമെങ്കിൽ നമ്മുടെ നാട്ടിൽ നേരേ നടക്കാം. അങ്ങിനെയാണു് ഇന്നത്തെ പോക്കു്. മറിച്ചാണെങ്കിൽ കമ്മ്യൂണിസ്റ്റു മുദ്ര അടിക്കും, ലാക്കപ്പു് മർദ്ദനം നടത്തും......പലതരത്തിൽ ദുരിതപ്പെടുത്തും.

പട്ടം താണുപിള്ളസാറിന്റെ ഏകാധിപത്യശാസനക്കു് വിധേയമായി നടത്തപ്പെട്ട തിരഞ്ഞെടുപ്പു പരീക്ഷയിൽ, കൂടുതൽ മാർക്കുമേടിച്ചവർ കഴിമാന്തികളും, കാശിനുകൊള്ളാത്തവരുമാണെന്നു് തെളിഞ്ഞു കഴിഞ്ഞു. അദ്ദേഹത്തിനു് വിന അങ്ങനെ അദ്ദേഹം തന്നെ വരുത്തിവച്ചു.

ഖദറിൽ പൊതിഞ്ഞ പിശാങ്കത്തികൾ തോൾസഞ്ചിയും തൊപ്പിയുമായി തെളിഞ്ഞു നടന്നു. കരിഞ്ചന്തയും കൈക്കൂലിയും വർദ്ധിച്ചു; അഴിമതിയും അക്രമവും നടമാടി. സാധാരണക്കാരന്റെ ജീവിതസുഖം നശിച്ചു. ഇട്ട കൈക്കു കടന്നുകടിക്കുന്ന പട്ടികൾക്കു് നമ്മുടെ നാട്ടു് പാരമ്പര്യമായി പേരു കേട്ടിട്ടുള്ളതാണു്. പട്ടത്തെ പറത്തി; പൂർവ്വചരിത്രം മറന്നു; അവസരസേവകന്മാരും അച്ചായന്മാരും ആണത്വമുള്ളവരായി. അങ്ങിനെയാണു പോക്കു്.

കല്ലെറിഞ്ഞവനും, കൊള്ളചെയ്തവനു് കൂട്ടുനിന്നവനും, കള്ളന്റെ വക്കീലായവനും, യാതനക്കാരായി തെളിഞ്ഞു. നെല്ലൊളിച്ചു വച്ചവനും മണ്ണെണ്ണയും മരിച്ചീനിയും മറുവിലക്കു വിററു കൊള്ളയടിച്ചവനും, പഞ്ചസാര കരിഞ്ചന്തക്കാരനും, പെട്രോൾ കൂപ്പൺകൊടുത്തു് പത്തിരട്ടി വിലമേടിച്ചവനും, ഗാന്ധി തൊപ്പിവച്ചു കാൺഗ്രസ്സു മുതലാളിയായി. ദുഷിച്ച പാരമ്പര്യത്തെ പുതുക്കി നന്നാക്കാൻ കോപ്പുകെട്ടിയ കൂട്ടുകാരാണു് നമ്മുടെ നേതാക്കന്മാർ! അവരുടെ കാരുണ്യത്തിലാണു് പാവങ്ങൾ പുലരേണ്ടതു്!! അവരുടെ ഭരണത്തിലാണു് രാജ്യത്തിനു് ഐശ്വര്യം വരേണ്ടതു്!!! അവരുടെ അഭിപ്രായത്തെയാണു് ആരും ആദരിക്കേണ്ടതു്!!!! അങ്ങിനെയാണു് പോക്കു്.

വനംപതിപ്പുകാരും, കായലു നികത്തുകാരും, കടപ്പുറം, അടപ്പുകാരും എന്നുവേണ്ട വ്യക്തിതാല്പര്യങ്ങൾ മുതലെടുത്തു മുരടുപിടിച്ച ഒരു ഭൂരിപക്ഷത്തിന്റെ നാണംകെട്ട നീതിനിർവ്വഹണത്തിൽ ശ്വാസമടക്കി, ശബ്ദംതാഴ്ത്തി, വയറൊട്ടി, കണ്ണുകുഴിഞ്ഞു്, തലകറങ്ങി നടക്കാനിടവന്നതാണു് പോക്കണംകെട്ട പോക്കു്.

അധികാരത്തിലിരിക്കുന്ന കക്ഷിയെ ആരും കുററപ്പെടുത്തിക്കൂടാ. കുററവും കുറവും പറഞ്ഞാൽ പ്രധാനമന്ത്രിക്കു് വികാരാവരും, സഹമന്ത്രിമാർ ക്ഷോഭിക്കും, സ്പീക്കർ പല്ലുകടിക്കും, ഡി. സി. സി. പ്രസിഡന്റു് പിച്ചും പേയും പുലമ്പും, വർക്കിംഗ്പ്രസിഡന്റു് തൊണ്ടതുറക്കും, കാൺഗ്രസ്സു സിക്രട്ടറി ചാടിവീഴും, കൈപൊക്കികൾ കൊഞ്ഞണം കാട്ടും. അങ്ങിനെയാണു പോക്കു്.

പട്ടത്തിന്റെ മനസ്സുമടുത്തു് കാൺഗ്രസ്സിനു പുറത്തുപോയി. പലരും പുറത്തുപോകും. പുറത്തുപോകുന്നവർ നേരേ ഇതരസംഘടനകളിൽ കൈവയ്ക്കാൻ ആലോചിക്കുന്നു. പിൻതിരിപ്പൻ നയംകൊണ്ടു് മററുള്ളവരേയും ചീത്തയാക്കരുതെന്നു് പലരും അപേക്ഷിക്കുന്നു. വയസ്സുകാലത്തു് വയ്യാവേലികൾക്കൊന്നിനും പോകാതെ മൗനമായി മാനമായി നടക്കരുതോ എന്നാണു ചോദ്യം. രണ്ടാംതരക്കാരനു പിടിക്കാത്ത പ്രകൃതം മൂന്നാംതരക്കാർക്കു് എങ്ങിനെ പിടിക്കും. അങ്ങിനെയാണു പോക്കു്.

ഓരോ M. L. A. യും ഇപ്പോൾ മുക്കാൽ മന്ത്രിയായി കഴിയുകയാണു്. ഓരോ താലൂക്കിലും അങ്ങിനെ ശരാശരി നാലു മന്ത്രിമാർവീതമുണ്ടു്. അവരുടെ അനുശാസനകൾ ആരായാലും അനുസരിച്ചുതന്നെ തീരണം. അവരുടെ അധികാരപ്രമത്തത ആർക്കും നാണക്കേടു വരുത്തുമെങ്കിലും, അവരെ അഭിമാനം കൊള്ളിക്കുകയാണു്. റേഷൻവാങ്ങാനും നെല്ലളക്കാനും തോടുകുഴിക്കാനും റോഡുവെട്ടാനും കുളംതോണ്ടാനും അവരുടെ ആജ്ഞവേണം. സാധാരണക്കാരന്റെ മനസ്സില്ലാ മനസ്സോടെയുള്ള സമ്മതപത്രത്തിന്റെ തണലിൽ അസംബ്ലിയിൽ കടന്നുകൂടി അംബരത്തോളം ഉയർന്നു് മതിമറന്നു്, സാധാരണക്കാരന്റെ തലയിൽ ചവിട്ടി താണ്ഡവം തുള്ളുന്ന ഈ തരക്കാരെ ഇനിയെങ്കിലും പ്രത്യേകം ശ്രദ്ധിക്കുന്നതാണു്. അടുത്ത തിരഞ്ഞെടുപ്പിനും അവർ അടുത്തുകൂടും. പാവങ്ങളുടെ വികാരങ്ങളെ ആവോളം മുതലെടുക്കാൻ പരമാർത്ഥവാദിയായി അടുത്തണയും. തൊലിക്കട്ടി കൂടിക്കൂടി കരിമ്പാറപരപ്പുപോലെ മിനുങ്ങുകയാണു്. അതാണു പോക്കു്.

വ്യയന്യൂനീകരണത്തിന്റെ പേരിൽ പ്രായം കൂടി പാകത വന്നവരും പ്രായംകുറഞ്ഞു വിരുവിരുപ്പുള്ളവരുമായ ഉദ്യോഗസ്ഥന്മാരിൽ ഹൈഡ്രജൻബാംബു പ്രയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നു. അതേ സമയത്തു പ്രായഭേദം നോക്കാതെ "പോസ്ററുകൾ" നിരത്തി "ബോർഡുകൾ" വച്ചും തുടങ്ങിയിരിക്കുന്നു. ഡമോക്രസിയുടെ പോക്കു് അങ്ങിനെയാണു്. അവസരസമത്വത്തിനു് അതിയായ വില കല്പിച്ചിട്ടുണ്ടു്. സാധാരണക്കാരന്റെ സാമ്പത്തിക സ്ഥിതിയെ അത്ര കാര്യമായി ഗണിക്കുന്നില്ലെങ്കിലും മുതലാളി ജന്മിമാരുടെ സമ്പൽസംവർദ്ധനക്കു ശ്രദ്ധ പതിയുന്നുണ്ടു്. ഹൈന്ദവസംഘടനയെ നിയമവിരുദ്ധമാക്കാൻ പണിപ്പെടുന്നുണ്ടെങ്കിലും, കത്തോലിക്കാ ഇതര ക്രൈസ്തവ സംഘടനകളെ ബലപ്പെടുത്താൻ ശ്രമിക്കുന്നുണ്ടു്. അൻപത്തിമൂന്നു വയസ്സുകാരനെ പിരിച്ചയക്കുന്നുണ്ടെങ്കിലും അറുപത്തിമൂന്നുകാരനെ സ്ഥിരപ്പെടുത്തുന്നുണ്ടു്. മലയാളിക്കേസിൽ മാനം പിടിപ്പിച്ച ന്യായാധിപനും ന്യായക്കേടാണു് നടത്തിയതെന്നു മനസ്സാക്ഷിയുള്ളവർ സമ്മതിച്ചിരുന്നു. ന്യായക്കേടിനു ന്യായക്കേടുകൊണ്ടു പാപപരിഹാരമുണ്ടായി. ന്യായക്കേടുകൾക്കെല്ലാം ന്യായമായ പ്രതിഫലം കിട്ടുമെന്നു തീർച്ചയായി. എങ്കിലും ന്യായക്കേടുകൾ തന്നെ നടമാടുകയാണു്. കാൺഗ്രസ്സു കൂട്ടുകെട്ടിൽ കുരങ്ങാടാത്ത ഉദ്യോഗസ്ഥന്മാർ വയസ്സുതിരുത്തൽ പ്രസ്ഥാനത്തിൽ കുടുങ്ങും. ആർക്കെല്ലാംവേണ്ടി ആരെല്ലാം വയസ്സറിയാതെ ഇരിക്കുന്നുവെന്നു കണ്ടറിയേണ്ടതാണു്. വലിയകൊമ്പൻ മീശക്കാരും, ധീരവീരശൂരന്മാരും, കൈപൊക്കികളും, ആസനം താങ്ങികളും വയസ്സറിഞ്ഞു പതുങ്ങിപാക്കു

ന്നുണ്ടു്. അവരുടെ നിലനില്പിനു വേണ്ടി എം. എൽ. ഏ മാരുടെ കല്പനയ്ക്കു അവർ വഴങ്ങും. അഴിമതി അങ്ങിനെ അധികമാകും. അഴിമതി നിരോധനത്തിൻെറ പേരിൽ അനവധി അനീതികൾ, ന്യായം നടത്തലിൻെറ പേരിൽ അക്രമകരമായ അന്യായങ്ങൾ, പൊതുജനരക്ഷയുടെ പേരിൽ അപകടകരമായ അസ്വാസ്ഥതകൾ, നാട്ടിൽ അലഞ്ഞുനടക്കും. അങ്ങിനെയാണു പോക്കു്.

ഹിന്ദുസംഘടന എന്നൊരു പുതിയ കണ്ടുപിടിത്തം കൊണ്ടുപിടിച്ചിരിക്കുന്നു. ഭാരത ചരിത്രം പഠിച്ചുനോക്കിയാൽ സംഘടനയില്ലാത്ത ഹിന്ദുവിൻെറ ഭ്രാന്തില്ലാത്ത മതത്തിൽ പലരും കൈകാര്യം നടത്തി കരാളവും കഠാരയും ഏല്പിച്ചിട്ടുണ്ടെങ്കിലും സനാതന മതത്തിനു് നാളതുവരെ നാശമുണ്ടായിട്ടില്ലെന്നു കാണാവുന്നതാണു്. എങ്കിലും, കേരളക്കരയിൽ കണ്ടുതുടങ്ങിയിരിക്കുന്ന പുതിയ പ്രസ്ഥാനം മതവിദ്ധ്വംസനത്തിനോ അന്യ മതാവലംബികളുടെ വിപ്രിയത്തിനോ കാരണമായി കലാശിക്കുമെന്നൊരു ശങ്ക പലരുടെ ഉള്ളിലും ഉദിച്ചിട്ടുണ്ടു്. ജാതിയും സമുദായവും നശിപ്പിക്കാനുള്ള മാർഗ്ഗമാണെന്നു് മതപ്രാണികൾ പറഞ്ഞു പരത്തുന്നുണ്ടു്. പേരിൻെറ വാലുകൾ മുറിക്കുന്നുണ്ടു്; പുലയൻേറയും പറയൻേറയും മുമ്പിൽ മുതല കണ്ണുനീർ പൊഴിക്കുന്നുണ്ടു്. എന്നാൽ ചായക്കടകളിൽ പോലും താഴ്ന്ന ജാതിക്കാരെന്നു് എണ്ണപ്പെട്ടിരിക്കുന്നവർക്കു് സ്ഥാനമില്ല. നായരുടേയും ഈഴവൻേറയും അടുക്കളകളിൽ, ഉറക്കറകളിൽ, പൂമുഖങ്ങളിൽ, താഴ്ന്ന ജാതിക്കാർക്കു് സർവ്വസ്വാതന്ത്ര്യം കൊടുക്കുന്ന കാര്യം ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ എന്നു സംശയമാണു്. വിപ്ലവകരമായ ഒരു പരിവർത്തനംകൊണ്ടു മാത്രമേ അതു് സാദ്ധ്യമാകൂ എന്നു വിചാരിക്കുന്നവർ ധാരാളമുണ്ടു്. അതുകൊണ്ടു് ഹൈന്ദവ സംഘടന നായരീഴവ സംയുക്ത സംഘടന മാത്രമാണെന്ന ആക്ഷേപത്തിനു് വിധേയമായിട്ടുണ്ടു്. ഒരു സാമ്പത്തിക സമീരണംകൊണ്ടു മാത്രമേ സാമുദായിക മത്സരവും വ്യത്യാസവും നശിക്കുകയുള്ളു. അതിനുവേണ്ടി ആരെങ്കിലും ശ്രമിച്ചുപോയാൽ അവനെ കമ്മ്യൂണിസ്ററു മുദ്രയടിക്കും. അങ്ങിനെയാണു് പോക്കു്.

നായരായി ജനിച്ചു നായരായി വളൎന്നു തനി നായരായിത്തന്നെ ജീവിക്കുന്ന മന്ദത്തിനേയും, ഈഴവനായി ജനിച്ചു, ഈഴവനായി വളൎന്നു, തനി ഈഴവനായിത്തന്നെ ജീവിക്കുന്ന ശങ്കറിനേയും, യുദ്ധകാലത്തു് പൊങ്ങിയ പണക്കാരെപ്പോലെ, തിരഞ്ഞെടുപ്പുകാലത്തു് പൊങ്ങിയ കാൺഗ്രസ്സുകാരായി, വഞ്ചിയൂർ വരദരാജൻ നായർ വർണ്ണിച്ചിരിക്കുന്നു. മന്ദവും ശങ്കവും ഏതെങ്കിലും വിധത്തിൽ വഞ്ചിനാട്ടിൽ വൻപന്മാരായിട്ടു വളരെ വർഷങ്ങളായി. വഞ്ചി ഊരിൽ പോലും വൻപനല്ലാത്ത വരദരാജൻനായർ ഒരു ജാതിയിലെങ്കിലും, ഒരു സംഘത്തിലെങ്കിലും, ഒരു രീതിയിലെങ്കിലും, വലിയവനായിട്ടു വിനാഴിക എത്രയായി എന്നു ചോദിക്കാനുണ്ടു്. കാലില്ലാത്തവനാണു് നഖമില്ലാത്തവനെ കുററപ്പെടുത്തുന്നതു്. നാല്പതുരൂപാ ശമ്പളത്തിൽ ഒരു ക്ലാർക്കുദ്യോഗത്തിനു് ചിതംബരത്തിൻെറ കാലുപിടിച്ചു കരഞ്ഞ നേതാവാണു് കാൺഗ്രസ്സു് ഹൈക്കമാൻഡിൽ ആസനമുറപ്പിച്ചുകൊണ്ടു് അഭിമാനമുള്ളവരെ ആക്ഷേപിക്കുന്നതു്. കുമ്പളത്തു് കാരണവരെ കുമ്പിട്ടു കൊമ്പനായി ഞെളിയുന്ന കഥ എല്ലാപേർക്കുമറിയാം. വാണാലും കൊണ്ടിരിക്കാതെ വക്കാണത്തിനു് വട്ടംകൂട്ടുന്നതു് വലിയ വിഡ്ഢിത്വമാണു്. തൊഴിലില്ലാത്തവരെല്ലാം നേതാക്കന്മാരായുള്ള പോക്കു് അങ്ങിനെയാണു്.

അൻപത്തി ഒന്നു ലക്ഷവും അച്ചടക്ക നടപടിയും വർഗ്ഗീയാന്തരീക്ഷത്തിൽ വലിയ വിപ്ലവമുണ്ടാക്കുകയാണു്. മതാസക്തികൊണ്ടു മുടിഞ്ഞ വർഗ്ഗീയ വാദികൾ മുതലെടുക്കുന്ന കാൺഗ്രസ്സു സംഘടന നടത്താൻ തുടങ്ങുന്ന അച്ചടക്ക നടപടിയിൽ ആരെല്ലാം അകപ്പെടുമെന്നു കണ്ടറിയേണ്ടതാണു്; ഉള്ളിൽ ഉടൻ തോന്നുന്നതു് ആരുടെ മുഖത്തും നോക്കാതെ തട്ടിവിടുന്ന സ്വഭാവക്കാരാണു് സി. കേശവനും, സി. നാരായണപിള്ളയും; അവരുടെ അന്തഃകരണം അപ

ലപിച്ച ഒരു വസ്തുത, ഒരു കടുത്ത യാഥാത്ഥ്യം; ക്രൂസ്ത്യാനികൾ അവരുടെ ആളുകളെ സ്ഥാനത്തും അസ്ഥാനത്തും താങ്ങുന്ന കച്ചവട മനസ്ഥിതിക്കാരാണെന്നാണു്. ആ ചരിത്രം അവരറിയുന്നതു് ഇപ്പോഴല്ലെങ്കിലും അവർ പറയുന്നതു് ഇപ്പോൾ മാത്രമാണു്. അവക്കു് സഹിക്കാത്തവണ്ണം വലുതായ വഗ്ഗീയതയുടെ മുള്ളുവേലിക്കകത്തു് അവർ അകപ്പെട്ടുപോയതിൽ അവർ ഹൃദയപൂവ്വം ക്ലേശിക്കുകയാണു്. അച്ചടക്ക നടപടിയിൽ അവരും അചിരേണ അകപ്പെടുന്നവരാണു്. അങ്ങിനെയാണു പോക്കു്, ഉള്ളി തൊലിപ്പുപോലെ.

കരിഞ്ചന്തക്കാരനും കൈക്കൂലിക്കാരനും വഗ്ഗീയവാദിയും ചേന്ന കമ്മററിയാണു് അച്ചടക്കക്കമ്മററി. അവരുടെ തീരുമാനമാണു് രാഷ്ട്രീയസംഘടനയുടെ തീരുമാനം. നിഷ്പക്ഷമായ നീതിനിവ്വഹണത്തിനു് സംസ്കാരമുള്ളവരുടെ സമ്മേളനം ആവശ്യമാണു്. മന്ദശങ്കരന്മാരെ കാൺഗ്രസ്സിനു പുറത്താക്കുമ്പോൾ മററു ചിലരുടെ സ്ഥാപിത താല്പയ്യം കാൺഗ്രസ്സിൽ നടക്കും. ജി. പി. കമ്പളത്തിന്റെ ആളാണു്. കുട്ടനാടൻ പണ്ടേതന്നെ കുന്നായ്മക്കാരനും മന്ദത്തിന്റെ ബദ്ധശത്രുവുമാണു്. പാർട്ടിയിൽ വച്ചു അൻപത്തി ഒന്നു ലക്ഷത്തിൽ മുഞ്ഞളായ ആളാണു് ഔസേപ്പു്. കായ്യം ഭംഗിയായില്ലേ. അതാണു് ബുദ്ധിപൂവ്വമായ പോക്കു്.

കൊല്ലത്തെ ഹിന്ദു വക്കീലന്മാരെല്ലാം വാലുകൾ മുറിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരത്തെ വക്കീലന്മാരും വാലു മുറിക്കും. കോട്ടയത്തു് വാലുള്ളവർ ചുരുക്കമാണു്. എറണാകുളത്തെ മേനോന്മാർ വാലു മുറിക്കുമോ? അവർ വാലുമുറിച്ചാൽ വെറും അക്ഷരങ്ങളായിത്തീരും. കെ. ജി; വി. പി; എ. പി; പി. ബി; എന്നിങ്ങനെ പോകും. അങ്ങിനെയാണു് പോകേണ്ടതു്.

ചീഫ്മിനിസ്റ്ററുടെ പേരിൽ ആദ്യമായി അച്ചടക്കനടപടി നടത്തണമെന്നു് ചീഫ്വിപ്പു പറഞ്ഞതായി പത്രപ്രതിനിധി പ്രസ്താവിക്കുന്നു. അച്ചടക്കമില്ലാതെ പാർട്ടിക്കാരെ അഴിച്ചുടിച്ചതു് ലീഡറാണെന്നു സ്ഥാപിക്കുന്ന ദേശീയത്വവും ന്യൂനപക്ഷ സംരക്ഷണവും ആദർശപ്രേമമായി വിളമ്പിക്കൊണ്ടു്, മുസ്ലിം മന്ത്രിയില്ലാത്ത ഭരണകൂടത്തെ പരോക്ഷമായി വിപ്പു് അപലപിക്കുകയാണെന്നു് ആക്കും മനസ്സിലാകും. മതാതീതമായ ആദർശശുദ്ധി അങ്ങിനെ അവിടെയും നിറഞ്ഞിരിക്കുകയാണു്. അങ്ങിനെ ആകപ്പാടെ കറങ്ങിത്തിരിഞ്ഞാണു് പോക്കു്, എങ്ങോട്ടെന്നില്ലാതെ, എന്തിനെന്നില്ലാതെ.


## പ്രത്യേക അറിയിപ്പ്

# പി. മാധവൻതമ്പി

### —വെങ്കലപാത്ര വ്യാപാരം—

ചാല, തിരുവനന്തപുരം.

ഞങ്ങളുടെ കടയിൽനിന്നും വാങ്ങുന്ന വെങ്കലപാത്രങ്ങൾക്കു് എന്തെങ്കിലും അററകുററമോ, ഉപയോഗശൂന്യമോ ആയിരുന്നാൽ, ആ പാത്രം ഞങ്ങൾ തരുന്ന ബില്ലോടുകൂടി മടങ്ങിക്കൊണ്ടുവരാവുന്നതും ബില്ലുപ്രകാരംതന്നെ സൈസുപാത്രം കൈവശം ഇല്ലാത്തപക്ഷം അതിന്റെ വില തിരിച്ചുകൊടുക്കുന്നതും ആകുന്നു.

**N. B.** ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യുന്ന ചെമ്പുപാത്രങ്ങളിൽ ഞങ്ങളുടെ മുദ്ര ഉണ്ടായിരിക്കുന്നതാണു്. കൂടാതെ സ്റ്റെയിൻലസ്സ് സ്ററീൽ (എവർ സിൽവർ) പാത്രങ്ങളും എപ്പോഴും കിട്ടുന്നതാണു്.

★ ഒരേ വില ★

പ്രൊപ്രൈറ്റർ, പി. എം. തമ്പി.

# ഇംഗ്ലീഷ് പഠിക്കാത്ത ഉൽക്കർഷേച്ഛുക്കൾ ഉണരുവിൻ.

നിങ്ങളുടെ ആദായവും അന്തസ്സും ഇത്ര കുറയാൻ കാരണമെന്തു്. നിങ്ങളെക്കാൾ സമർത്ഥന്മാരല്ലാത്ത അസംഖ്യം പേർക്കു് എത്രയോ ഉപരിസ്ഥിതിയും ഗതിയും സിദ്ധിച്ചിട്ടുള്ളതു് എന്തുകൊണ്ടു്? എത്രയെത്ര അവസരങ്ങളിലാണു് നിസ്സാരന്മാർ നിങ്ങളെ തരം താഴ്ത്തിയിട്ടുള്ളതു്. ഈ സകല അവശതകൾക്കും കാരണം ഇംഗ്ലീഷ് വശമില്ലായ്മയല്ലേ! ഇതിനു പരിഹാരം വേണമെന്നുണ്ടോ? ഉണ്ടെങ്കിൽ അല്പം പ്രയത്നിക്കുക. സ്വന്തം വീട്ടിൽ താമസിക്കാം. ജോലികൾ മുടക്കേണ്ട. സ്ത്രീക്കും പുരുഷനും ഒരുപോലെ സൗകര്യം. ഏ. ബി. സി. മുതൽ തുടങ്ങാം. ഉൽക്കർഷേച്ഛുക്കൾക്കു് മൂന്നു വർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ പരീക്ഷ ജയിക്കാം. പിന്നീടു് ബി. ഏ. മുതലായ പരീക്ഷകളും കൂടുതൽ വിവരത്തിനു് രണ്ടണ സ്റ്റാമ്പു സഹിതം അപേക്ഷിക്കുക.

## കേംബ്രിഡ്ജ് കാളെജ്

(V. K.) കൈതമുക്കു് തിരുവനന്തപുരം.

### ഒരനുഭവസ്ഥന്റെ പ്രസ്താവന ചുവടെ ചേർക്കുന്നു

റാഞ്ചി.
14-1-49.

നിങ്ങളുടെ കഴിഞ്ഞ കാലത്തെ പരിശ്രമത്തിന്റെ ഫലമായി എനിക്കു് Army Education Eng: 1st Class പാസ്സാകാനും എന്റെ ഇംഗ്ലീഷ് പരിജ്ഞാനം ഇല്ലായ്മയിൽ നിന്നും ഇത്രത്തോളം അഭിവൃദ്ധിപ്പെടുന്നതിനും സാധിച്ചിട്ടുണ്ടെന്നുള്ള വസ്തുത രേഖപ്പെടുത്തിക്കൊള്ളട്ടെ.

എന്നു്, സ്നേഹപുരസ്സരം.
**കെ. വി. സാമുവേൽ**
റാഞ്ചി, ബീഹാർ.

## പറഞ്ഞു പറയിക്കൽ.

മനുഷ്യന് ഒരിക്കലും ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ഒരു ജീവിതാവശ്യമാണ് പറഞ്ഞുപറയിക്കൽ. പറഞ്ഞുപറയിക്കലില്ലെങ്കിൽ ഒച്ചപ്പാടില്ല, വിപ്ലവമില്ല, ജനകീയമില്ല, ഒന്നിനും ഒരു രസമില്ല. പറഞ്ഞു പറയിക്കലിന്റെ മഹത്വം പറഞ്ഞു പറയിക്കലില്ലെങ്കിൽ മാത്രമേ മനസ്സിലാവൂ. പരിഭവം തീർക്കാനും പ്രേമം വളർത്താനും പുതുമ നടിക്കാനും പറഞ്ഞുപറയിക്കൽ ആവശ്യമാണ്. പല കുഴപ്പങ്ങളും പരിഹരിക്കാൻ പറഞ്ഞുപറയിക്കൽ ഒരു മരുന്നാണ്.

പറഞ്ഞു പറയിക്കൽ ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല എങ്കിലും ഇത്രത്തോളം അഴിഞ്ഞ പറഞ്ഞുപറയിക്കൽ ഇതിനു മുമ്പു ഉണ്ടായിട്ടുള്ളതായി കേട്ടുകേൾവിയില്ല. "നിന്റെ അഛൻ" എന്ന് ഒരു കൊച്ചുകുഞ്ഞിനോടു പറഞ്ഞു നോക്കുക. തീർച്ചയായും അവ്യക്തമായിട്ടെങ്കിലും ആ കുഞ്ഞു മറുപടി പറയും "നിന്റെ അഛൻ, നിന്റെ അഛൻ" എന്ന്. "പട്ടി," എന്നൊരു കുട്ടി വേറൊരുകുട്ടിയെ വിളിച്ചാൽ "ഛീ പട്ടി, കൊതിപ്പട്ടീ" എന്നു രണ്ടുതവണ വീറോടുകൂടി മറുപടി കിട്ടും. "എടാ കമ്മ്യൂണിസ്റ്റേ" എന്ന് ഒരു യുവാവിനെ സംബോധനചെയ്താൽ "എടോ മുരടിച്ച കാൺഗ്രസ്സേ, നശിച്ച മുതലാളിത്വമേ" എന്നയാൾ മുഷ്ടിചുരുട്ടി മുറവിളികൂട്ടും. അങ്ങനെയാണ് പറഞ്ഞു പറയിക്കലിന്റെ പോക്ക്. ഒന്നിനു രണ്ടെന്ന കണക്കിൽ പലിശസഹിതം തിരിച്ചുകിട്ടുന്നതാണ് പറഞ്ഞു പറയിക്കൽ.

ജനകീയത്തിൽ പറഞ്ഞു പറയിക്കൽ ഒരു സുപ്രധാന സംഗതിയാണ്. രണ്ടുപേർ ഒരുമിച്ചാൽ പറഞ്ഞു പറയിക്കലുണ്ട്. വക്കീലന്മാരുടെ ഇടയിലും വാലാട്ടികളുടെ നടുവിലും പറഞ്ഞു പറയിക്കൽ സാധാരണയാണ്. പത്രക്കാരുടെ പറഞ്ഞു പറയിക്കൽ രേഖാമൂലമാണ്. വാചകങ്ങളുടെ ധാരാളതയും പദപ്രയോഗങ്ങളുടെ സാമർത്ഥ്യവുമനുസരിച്ച് ജയാപജയങ്ങൾ ഉണ്ടാകും. മന്ത്രിമാരുടെ പറഞ്ഞു പറയിക്കൽ പ്രസ്സ്കാൺഫറൻസ് മുഖാന്തിരമാണെങ്കിൽ, ക്യാബിനറ്റ് സെക്രട്ടറിയുടെ പറഞ്ഞു പറയിക്കൽ ആജ്ഞാനുസരണം സർക്കുലർവഴിയാണ്. ടി. കെ-യുടെ പറഞ്ഞു പറയിക്കൽ പ്രസ്സ്നോട്ടുവഴിയാണെങ്കിൽ പട്ടത്തിന്റെ പറഞ്ഞു പറയിക്കൽ പത്രപ്രതിനിധിവഴിയാണ്. പനമ്പള്ളിയുടെ പറഞ്ഞു പറയിക്കൽ നിയമം ഉദ്ധരിച്ചാണെങ്കിൽ ടി. എം-ന്റെ പറഞ്ഞു പറയിക്കൽ മൗനത്തിലാണ്.

സർക്കാരിന്റെ പറഞ്ഞു പറയിക്കൽ ഇൻഫർമേഷൻ വകുപ്പു മുഖാന്തിരമായിരിക്കും. എന്നാൽ സകലതും "അടിസ്ഥാനരഹിത"മാണെന്ന ഒറ്റവാക്കിൽ പറയിക്കൽ നിറുത്തും. മന്നം-ശങ്കരന്മാരുടെ പറഞ്ഞുപറയിക്കൽ ഹൈന്ദവസമ്മേളനങ്ങളിലെ പ്രസംഗവേദികളിലാണ്. മുനയുള്ള മുള്ളു വാക്കുകൾകൊണ്ടു് പ്രയോഗിക്കുന്ന പറഞ്ഞു പറയിക്കൽ രീതി പ്രത്യേകം പഠിക്കാനുള്ളതാണ്.

നായന്മാരുടെ പറഞ്ഞുപറയിക്കൽ സൊസൈറ്റിവഴിയാണെങ്കിൽ ഈഴവരുടേതു് യോഗാവഴിയാണ്. കത്തോലിക്കരുടെ പറഞ്ഞു പറയിക്കൽ പൗരപ്രഭയും പുരോഹിതനുംവഴിയാണെങ്കിൽ അകത്തോലിക്കരുടേതു് മനോരമയും മാമ്മൻമാപ്പിളയും വഴിയാണ്.

കുമ്പളത്തിന്റെ പറഞ്ഞു പറയിക്കൽ ഗോദായിലും, സി. നാരായണപിള്ളയുടേതു് ഖദർസ്റ്റോറിലുമാണ്. സാധാരണക്കാരന്റെ പേരിൽ പറഞ്ഞു പറയിക്കൽ വഞ്ചിഭൂമിവഴിയും സർക്കാരുദ്യോഗസ്ഥന്റെ പേരിൽ നവശക്തിവഴിയുമാണ്. നാഞ്ചനാടന്റെ പറഞ്ഞുപറയിക്കൽ ദക്ഷിണഭാരതി വഴിയും നാണംകെട്ടവന്റേതു് ഭാരതിവഴിയുമാണ്.

അങ്ങനെ പറഞ്ഞു പറയിക്കൽ പലതരത്തിലും പലവഴിക്കുമാണെങ്കിലും തത്വത്തിൽ ഒന്നാണ്.

അസംബ്ലിഹാളിൽ പറഞ്ഞു പറയിക്കൽ മാത്രമേയുള്ളു. അച്ചടക്കനടപടിയിൽ പറഞ്ഞു പറയിക്കലല്ലാതെ മറ്റൊന്നുമില്ല. അവരവരുടെ നിലനില്പിന് പറഞ്ഞു പറയിക്കൽ മാത്രമേ ഗതിയുള്ളു. ആണത്വമില്ലാത്തവന് താങ്ങും തണലുമാണ് പറഞ്ഞു പറയിക്കൽ.

"പറഞ്ഞു പറയിക്കൽ" നെടുനാൾ വാഴട്ടെ.

# ലഘുചിത്ര പംക്തി

## (ശ്രീമാൻ വീപ്പ)

(അദ്ധ്യായം 1)

ജനകീയത്തിൽ പേരെടുത്തിട്ടുള്ളവരുടെ കുറവും കുറവും ലഘുചിത്രപംക്തികൾ വഴി വിനോദ മാസികകൾ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. ചർവ്വിതചർവ്വണംപോലെ ഒരാളിന്റെ ചരിത്രം പലപ്രാവശ്യം പലതരം ശൈലികൾ ഉപയോഗിച്ച് പറഞ്ഞുവയ്ക്കുന്നതു കേട്ട് വായനക്കാരുടെ മനസ്സ് മടുത്തിരിക്കണം. ദേശീയനേതാക്കന്മാർക്കു മാത്രമല്ല ജീവചരിത്രങ്ങളും കുറവും കുറവുമുള്ളതെന്ന് ലേഖകന്മാർ മനസ്സിലാക്കേണ്ടതാണ്. വയൽക്കരയിലും കുന്നിൻചരുവിലും കുഗ്രാമത്തിലും കുറവും കുറവും നിറഞ്ഞ കന്നന്മാർ നിവസിക്കുന്നുണ്ട്. അവരിൽ ഏതാനുംപേരെ രംഗത്തു പ്രവേശിപ്പിക്കണമെന്നാണ് ഈ ലേഖനപരമ്പരകൊണ്ടു ഉദ്ദേശിക്കുന്നത്. മന്ത്രിപദം കൊതിക്കുന്ന അഭ്യസ്തവിദ്യരുടേയും മത്തങ്ങ മോഷ്ടിക്കുന്ന വിദ്യാവിഹീനരുടേയും ദുർബല വശങ്ങൾക്ക് സാമ്യമുണ്ടെന്നു മനസിലാക്കാൻ ഈ ചിത്രപംക്തികൾകൊണ്ടു സാധിക്കുമെന്നു വിശ്വസിക്കുന്നു. മേലേ അററത്തു എത്തിയിട്ടുള്ളവനും അടിഭാഗത്ത് ഒളിച്ചിരിക്കുന്നവനും സത്യവും ധർമ്മവും ജീവിത വിജയത്തിന് പ്രതിബന്ധമുണ്ടാക്കുക തന്നെ ചെയ്യും. മനഃസ്സാക്ഷിയെ മറച്ചുവച്ചിട്ട് മനഃപൂർവ്വം യത്നിക്കുകയാണെങ്കിൽ ഇന്നത്തെ യുഗത്തിൽ ആർക്കും ഔന്നത്യം പ്രാപിക്കാം.

വലിയവനും ചെറിയവനും വട്ടപ്പേരുണ്ട്. വട്ടപ്പേരിൽ മാത്രം അറിയപ്പെടുന്നവർ ഇന്നു ധാരാളമുണ്ട്. അക്കൂട്ടത്തിൽ, കുഗ്രാമങ്ങളിൽ പേരെടുത്ത ഒരു വിരുതനാണ് വീപ്പ. ഇരുപത്തി എട്ടു കെട്ടിയപ്പോൾ അപ്പന്റെ അനുമതിയോടുകൂടിയാണെന്നു സംശയമാണെങ്കിലും വല്യമ്മൂമ്മയുടെ നിർദ്ദേശപ്രകാരം വീപ്പക്കുഞ്ഞിന്റെ ചെവിയിൽ ക്ഷൗരക്കാരി മന്ത്രിച്ച പേരു്, ഈ വിദൂര ഭാവിയിലും രഹസ്യമായിത്തന്നെയാണിരിക്കുന്നത്. നമ്മുടെ മന്ത്രിമാർ കാട്ടിക്കൂട്ടുന്ന പരമ രഹസ്യങ്ങൾ പോലും അടുത്ത നിമിഷത്തിൽ അങ്ങാടിപ്പാട്ടാകുന്ന ഇക്കാലത്ത് വീപ്പയുടെ യഥാർത്ഥ നാമധേയം രഹസ്യമായിത്തന്നെ സൂക്ഷിക്കപ്പെട്ടിരിക്കുന്നത് അത്ഭുതമാണ്.

നമ്മുടെ നേതാക്കന്മാരിൽ പലർക്കും വട്ടപ്പേരു് കിട്ടിയിട്ടുള്ളതു് വിദ്യാലയ ജീവിതത്തിലാണ്. പൊക്കുവായൻ, കരടിത്താൻ, പീപ്പന്നി, ഉറാംഗുട്ടാൻ, ഊളൻ, അംഗദൻ തുടങ്ങിയ ഒന്നാംതരം ഓമനപ്പേരുകൾ പള്ളിക്കൂടത്തിൽ വച്ചാണ് സമ്മാനിക്കപ്പെട്ടിട്ടുള്ളതു്. അവ മാറാപ്പേരുകളായി ഇന്നും പരിലസിക്കുന്നുണ്ട്. എന്നാൽ പള്ളിക്കൂടത്തിന്റെ ചുവരിൽപോലും മഴക്കാലത്തുപോലും ചാരിയിട്ടില്ലാത്ത വീപ്പക്കു ബിരുദദാനം കിട്ടിയിട്ടുള്ളതു് ഒരു വ്യത്യസ്തരൂപത്തിലാണ്. നാടകക്കാർ, എരുമരാഗക്കാരനെ കോകിലഗാന മുരളിയെന്നും മലമ്പൂസിനെ മാസ്റ്ററെന്നും കിഴവിയെ കുമരിയെന്നും നോട്ടീസിൽ പരസ്യം ചെയ്യുന്നതുപോലെ കേവലം പ്രസിദ്ധിക്കുവേണ്ടിയുള്ള പ്രസിദ്ധീകരണമോ, നമ്മുടെ സർവ്വകലാശാലയിൽ പണ്ട് പതിവുണ്ടായിരുന്ന ചുമ്മാ ബിരുദദാനമോ, മൂളിപ്പാട്ടുപോലും പാടാനറിഞ്ഞുകൂടാത്തവന്റെ റേഡിയോ സ്റ്റാർ ബഹുമതിയോ പോലെ ഒന്നുമല്ല വീപ്പ എന്ന വട്ടപ്പേരു്. അതു അന്വർത്ഥമായിതന്നെ ഇരിക്കുന്നുവെന്നു അനന്തര ചരിത്രംകൊണ്ടു മനസ്സിലാകും.

ആശാന്റെ കുടിപ്പള്ളിക്കൂടവും ചട്ടമ്പിയുടെ ക്ലാസ്സുഭരണവും നടപ്പിലിരുന്ന കാലത്താണു വീപ്പയുടെ ബാല്യം. വെള്ളപ്പാൻകാലത്ത് ഭസ്മക്കുറിയും ചാർത്തി ഏടുകളുമായി പള്ളിക്കൂടത്തിൽ പ്രവേശിച്ചു് ചട്ടമ്പിയുടെ തല്ലു മേടിക്കാൻ

വീപ്പയും തയ്യാറായില്ല. വീപ്പ സഖാക്കളും പറങ്കിമാവിൻചുവട്ടിലും കൈതക്കാട്ടിലും പതുങ്ങിപ്പാർക്കും. പള്ളിക്കൂടം വിടുമ്പോൾ കുട്ടികളുമൊത്തു് വീട്ടിലെത്തും. ഉച്ചയ്ക്കു വലിയ വല്ല വീടുകളുടേയും വടക്കുവശത്തു് വായിൽ നോക്കാനെത്തും. അഞ്ചിടങ്ങഴി കഞ്ഞിവെള്ളം ഉപ്പും പുളിയും ചേർത്തു് ഒററ ഇരുപ്പിൽ ഉള്ളിലാക്കും. തവളയുടെ ആകൃതിയിൽ മെലിഞ്ഞ കാലുകളും ഉന്തിയ വയറും എല്ലു പൊങ്ങിയ മാറും അതിനിണങ്ങിയ തലയും ആകപ്പാടെ കാണാൻ കൗതുകമുള്ള ഒരു വസ്തുവായിരുന്നു വീപ്പ. വെള്ളം എത്രതന്നെ കുടിച്ചാലും മതിവരാത്ത പ്രകൃതം. വീടുതോറും പതിവായി കയറി ഇറങ്ങി വയററിൽ വെള്ളം നിറയ്ക്കും. അങ്ങിനെ സ്വയം സമ്പാദിച്ച പേരാണു് "വീപ്പ"യെന്നു്.

വീപ്പയ്ക്കു് വെള്ളംകുടി മാത്രമല്ല കുട്ടിക്കാലത്തുണ്ടായിരുന്നതു്. ഏതു വീട്ടിൽ കയറിയാലും കണ്ണിൽ കാണുന്നതു് ആരും കാണാതെ തട്ടിക്കൊണ്ടു കടക്കും. അയൽപക്കത്തു കൊണ്ടുക്കൊടുത്തു കഞ്ഞി കുടിക്കും. ചെറുപ്പകാലത്തെ ഈ സ്വഭാവം ഏതാണ്ടു് ഇന്നും നിലനിന്നുപോരുന്നുണ്ടു്. കള്ളം പറയുന്നതിനു് ഒരു മടിയുമില്ല. മുഖത്തു നോക്കി അസത്യം തട്ടിവിടും. ആവശ്യമുണ്ടായിരുന്നാലും ഇല്ലെങ്കിലും സത്യം പറയാൻ ശീലിച്ചിട്ടില്ല. ഇവയെല്ലാംകൊണ്ടും വീപ്പയെ നാട്ടുകാർ വെറുത്തു. വീപ്പയെ കണ്ടാൽ ആട്ടി ഓടിക്കാൻ ശ്രമിക്കുക, വികൃതി പെരുത്ത കുട്ടികൾക്കു് ഒരു വിനോദമാണു്. "വീപ്പ" എന്നു വിളിച്ചാൽ മതി, വീപ്പക്കു കോപം വരും. വട്ടപ്പേരിൽ വിളിക്കുന്നതു് ആർക്കും അത്ര ഇഷ്ടമല്ലല്ലോ. പല്ലുന്തിയ മന്ത്രിയെ പല്ലനെന്നു വിളിച്ചാൽ, തലവീങ്ങിയ മന്ത്രിയെ തലയനെന്നു വിളിച്ചാൽ, താടി നീണ്ട മന്ത്രിയെ താടിക്കാരനെന്നു വിളിച്ചാൽ അച്ചടക്കനടപടി നടത്തുന്നതുപോലെ, വീപ്പയെന്നു വിളിക്കുന്നതു് വീപ്പ കേൾക്കുകയാണെങ്കിൽ വിളിക്കുന്നവൻെറ തന്തയ്ക്കു പത്തു പറഞ്ഞാലും വീപ്പ അടങ്ങുകയില്ല. വായിൽ തോന്നിയതൊക്കെ പറയും, വടി ഓങ്ങി അടിക്കും.

പാളയത്തിൽ സാധാരണ കണ്ടുവരുന്ന ഒരു വയസ്സൻ ചട്ടക്കാരനെ പരിചയമില്ലാത്തവർ ചുരുക്കമാണു്. അയാളെ റോഡിൽ കണ്ടുപോയാൽ തെരുവു തെണ്ടി നടക്കുന്ന പിള്ളേർ ചുററും കൂടും. "കോപ്പയിൽതൂറി," കോപ്പയിൽതൂറി" എന്നു വിളിതുടങ്ങും. വയസൻെറ ഭാവം മാറും. പിള്ളേരുമായി ബഹളമുണ്ടാകും. കോപഭാവത്തിൽ ചീത്തവിളിച്ചുകൊണ്ടു് ഓടി മറയാൻ ശ്രമിക്കും. പിള്ളേർക്കു് അയാളുടെ ശകാരം കേൾക്കാനും ആംഗ്യങ്ങൾ കാണാനും വലിയ രസമാണു്; കണ്ടുകൊണ്ടു നില്ക്കുന്ന മററുള്ളവർക്കും സമയംപോകുന്നതിനു് ഇതൊരു വലിയ കാര്യമാണു്. അയാൾ ഇതൊന്നും കേട്ടില്ലെന്നു ഭാവിച്ചു് രണ്ടുദിവസം നടക്കുമെങ്കിൽ തെണ്ടിക്കുട്ടികൾ മടുത്തുമാറിപ്പോകുമായിരുന്നു. അയാൾ കേട്ടില്ലെങ്കിലും കേട്ടഭാവം നടിച്ചു് ഗർജ്ജിക്കും, കല്ലെടുത്തെറിയും, മുറുമുറുക്കും കൊഞ്ഞനംകാട്ടും; കുട്ടികൾ ചുററും കൂടും.

ഇതാണു വീപ്പയുടേയും പ്രകൃതം. കന്നുകാലിപ്പിള്ളേർ വീപ്പയുടെ ചുററംകൂടി കൂകിവിളിക്കും; പാടങ്ങളിൽ മേഞ്ഞുനില്ക്കുന്ന കാലിവർഗ്ഗം തലപൊക്കും; വാലുയർത്തി കുതിക്കും. വീപ്പയുടെ അച്ചടക്കം തെററും. വീപ്പക്കു ഇപ്പോൾ പ്രായം എഴുപതഞ്ചിൽ കുറവില്ലെങ്കിലും കൊച്ചുകുട്ടികളുടെ കളിപ്പാവതന്നെയാണു്. പണ്ടു പല സംബന്ധങ്ങളും പല സ്ഥലങ്ങളിലായി നടത്തിയിട്ടുണ്ടെങ്കിലും വീപ്പ ഇന്നും ഏകാന്തജീവിയാണു്. ബ്രഹ്മചാരിയാണു്. പ്രാരബ്ധമില്ലാത്ത ജീവിതം റേഷൻ കൂടാതെ കഴിയുകയാണു്.

വീപ്പക്കു പല വേഷഭാവങ്ങളുമുണ്ടു്. മന്ത്രിമാർ പട്ടുകട തുറക്കാൻ പോകുമ്പോൾ കെട്ടുന്ന വേഷമല്ല, അസംബ്ളിയിൽ കയറുമ്പോൾ കെട്ടുന്നതു്. ആറാട്ടിനു നടക്കുമ്പോൾ ഒരുങ്ങുന്ന വേഷമല്ല അച്ചടക്കനടപടി നടത്തുമ്പോഴുള്ള വേഷം. എന്നതുപോലെ.

വെള്ളമുണ്ടു നീട്ടിയുടുത്തു് പുളിയിലക്കരനേരിയതു് തലയിൽകെട്ടി ശ്രാദ്ധംഉണ്ണാൻ നടക്കും. നാലു ചക്രവും മുറുക്കാനും കോടി വസ്ത്ര

വും ദക്ഷിണകിട്ടും. അടുത്ത നിമിഷത്തിൽ കീറിയതോർത്തു് അരയിൽചുററി, കീറപ്പാള തലയിൽ കമഴ്ത്തി, പൊന്തിയപള്ള ചുരുക്കി ചുളിവുവരുത്തി, വിറയൽ അഭിനയിച്ചു് ഭിക്ഷാപാത്രവുമേന്തി വീടുകൾതോറും കയറി ഇറങ്ങും. നെല്ലും അരിയും മരിച്ചീനിയും കാശും ഒരുമിച്ചു കിട്ടും. ചില ദിവസങ്ങളിൽ വെള്ളമുണ്ടും കാക്കികോട്ടും ധരിച്ചു് ഇടക്കെട്ടും കെട്ടി കച്ചേരിയിൽ കയറി കള്ളസാക്ഷി എഴുതും. സാക്ഷിക്കാണവും ചായയും ചോറും അങ്ങനെ സമ്പാദിക്കും. അടിയന്തിരവീടുകളിൽ പ്രമാണി ചമഞ്ഞു് മുറുക്കാൻതട്ടത്തിനെ വിട്ടുപിരിയാതെ ഒരുമാസത്തെ മുറുക്കാൻ ഒരു നിമിഷംകൊണ്ടുണ്ടാക്കി അടിമുന്തിയിൽ താഴ്ത്തും. ഒന്നാംപന്തിമുതൽ പലപ്രാവശ്യം ഇലയ്ക്കുമുമ്പിൽ ഇരുന്നെഴന്നേല്ക്കും. കാർത്തികമാസം ഒന്നാംതീയതിമുതൽ മകരം ഒന്നുവരെ കാഷായവസ്ത്രവും കമണ്ഡലുമായി വിഭൂതിയും രുദ്രാക്ഷവും ധരിച്ചു്, പറയുന്ന സകല പദങ്ങളിലും "അയ്യപ്പ"നാമം ചേർത്തു് അങ്ങാടികളിൽ അലഞ്ഞുനടക്കും. ഒന്നാംതരം വരവുണ്ടു്. നാമങ്ങൾ നടക്കുന്നിടത്തു് ഗുരുസ്വാമിയായി വേഷംകെട്ടും. അർദ്ധരാത്രികളിൽ അടുക്കളവരെ കടന്നുചെന്നു് ചുണ്ണാമ്പു സഹിതം കട്ടുകൊണ്ടുപോകും. കൊയ്ത്തുകാലത്തു് വയലിൽ ഇറങ്ങി പിടിക്കററ പറക്കും. അങ്ങിനെ കാലത്തിനൊത്തും ആവശ്യമനുസരിച്ചും വീപ്പ വേഷം മാററുമെങ്കിലും ഒരിക്കലും മാറാത്ത ഏതാനും നല്ല പ്രകൃതവുമുണ്ടു്. കളിയും വീപ്പയും തമ്മിൽ ഒരിക്കലും പൊരുത്തമില്ല. പല്ലുതേയ്ക്കുക ജാതകത്തിൽപോലും പറഞ്ഞിട്ടുള്ളതല്ല. കടവായിൽക്കൂടി ഉമിനീരു സദാ ഒലിച്ചുതുടങ്ങിയതു് ഇന്നും ഇന്നലെയുമല്ല. തരം കിട്ടുമ്പോഴൊക്കെയും അന്യന്റെ വകയെന്നു കണ്ടാൽ ആവശ്യമില്ലാത്തതാണെങ്കിലും കയ്യടക്കണമെന്നുള്ളതു് ഒരു ആഗ്രഹം മാത്രമാണു്.

വീപ്പ ഒരു വലിയ വാചാലനാണു്. മന്ദവും ശങ്കരും പറയുന്നതിനേക്കാൾ കാര്യമായി കഥ പറയാൻ വീപ്പക്കു വശമുണ്ടു്. സി. നാരായണപിള്ളയേക്കാൾ തീപ്പൊരിപ്രസംഗം നടത്താൻ വീപ്പക്കു സാമർത്ഥ്യമുണ്ടു്. കെ. രാമകൃഷ്ണപിള്ളയേക്കാൾ ഭംഗിയായി അഭിനയിക്കാൻ വീപ്പ ശീലിച്ചിട്ടുണ്ടു്. തരംപോലെ സംസാരിക്കാൻ ടി. കെ. യെക്കാൾ മിടുക്കനാണു് വീപ്പ. ആരുടെ ഏതു ചോദ്യത്തിനും ഉടൻ ഉത്തരം പറയുന്നതിനു് സ: ബാലകൃഷ്ണനേക്കാൾ വിദഗ്ദ്ധനാണു വീപ്പ. തൊഴിലില്ലാത്ത പെണ്ണുങ്ങളുടെ ഇടയിൽ വീപ്പയുടെ പ്രസംഗങ്ങൾക്കു് വലിയ വിലയാണു്. നാട്ടിൻപുറങ്ങളിലെ വർത്തമാനപത്രങ്ങളെന്നു് പേരെടുത്ത ചില കൊണ്ടോടിപ്പെണ്ണുങ്ങളുടെ 'കേരളാപ്രസ്സാ'ണു് ശ്രീ വീപ്പ. വീപ്പയുടെ വിപ്ളവസാഹിത്യങ്ങളും വീരകൃത്യങ്ങളും അടുത്ത അദ്ധ്യായത്തിൽ.


## ഹാരീസ് തേയില

റീഷാപ്പുകൾക്കു് ഏററവും പററിയതു്.

ഹാരിസ് ററീ & കാപ്പിഡിപ്പോ,

ശ്രീകണ്ഠേശ്വരം * * തിരുവനന്തപുരം.

# ജനകീയ കരുണ

അഥവാ

# കാൺഗ്രസ്സ്-വാസവദത്ത

(വികടൻ)

കരുണയിലെ വാസവദത്ത ഏവൎക്കും സുപരിചിതയാണു്; ആനിജോസഫിന്റെ ചൂഷണവിദ്യകളും ടി. കെ. നാരായണപിള്ളയുടെ ജലജലൂകത്വവും മിസ് മസ്ക്രീനിന്റെ നിത്യകന്യകത്വവും, പ്രാക്കുളം കുമാർജിയുടെ നിരക്ഷരകക്ഷിത്വവും, പാകിസ്ഥാൻ ഗവൺമെന്റിന്റെ സാമ്രാജ്യ ദുർമ്മോഹവും, സി. കേശവന്റെ വികാരാവേശവും, കുമ്പളം ചേട്ടന്റെ ശുപാർശ ബാധവും, കെ. ആർ. നാരായണന്റെ വികട ബുദ്ധിയും, കേളപ്പന്റെ വിഷാദാത്മകത്വവും, ടി. കെ. കോശിയുടെ വയസ്സുതിരുത്തലും, കെ. കാൎത്തികേയന്റെ വാവുതാൻ വിരുത്തവും, കെ. കെ. വാദ്ധ്യാരുടെ ഉദ്ദണ്ഡത്വവും, പട്ടത്തിന്റെ ഇലക്ഷൻ സ്റ്റണ്ടും, വൎഗ്ഗീസ് പ്രഭൃതികളുടെ വഞ്ചക മനഃസ്ഥിതിയും, ശ്രീകണ്ഠൻനായരുടെ യാതനയും, ശ്രീനാരായണപിള്ളയുടെ ലളിത-പൂതനയും, മന്ദത്തിന്റെ സ്വമത പക്ഷപാതവും, ഏ. കെ. ഭാസ്കറിന്റെ നിസ്സഹായതയും, കെ. പി. കരുണാകര മേനവന്റെ അച്ചടിഭാക്ഷയും, സേട്ട മാധവപ്പണിക്കരുടെ വേഷവും കലൎന്ന കാൺഗ്രസ്സ് വാസവദത്തയും ആൎക്കും സുപരിചിതതന്നെ. അവളെ ആദരിക്കാത്തവരും അവളുടെ ആലിംഗനസുഖമേല്ക്കാത്തവരും ഒടുവിൽ അവളെ അനാദരിക്കാത്തവരും ഇല്ലതന്നെ.

അകത്താളിരുന്നാൽ കാണാവുന്ന അവളുടെ മണിമന്ദിരത്തിന്റെ പൂമുഖത്തുമുണ്ടു് മഹാത്മാ ഗാന്ധിയുടെ പടം. നിത്യവും അവളതിൽ പൂചൂടാറുണ്ടു്. കൎപ്പൂരം കത്തിച്ചുഴിഞ്ഞും, സാമ്പ്രാണി പുകച്ചും അവൾ ഗാന്ധിജിയെ പൂജിക്കുന്നതു കാണാം. പക്ഷെ അതു് അദ്ദേഹത്തിന്റെ സഹനസമര സിദ്ധാന്തത്തിലുള്ള അടങ്ങാത്ത ഭക്തികൊണ്ടല്ല; അഹിംസാധൎമ്മത്തിൽ അടിയുറച്ച വിശ്വാസമോ, സത്യസന്ധതയിൽ പ്രതിപത്തിയോ ഉണ്ടായിട്ടുമല്ല; പിന്നെയോ ആളുകളെ ആകൎഷിച്ചു് വലയിൽ കുടുക്കി, പണം പിടുങ്ങി, കുംഭ വീൎപ്പിക്കാൻ വേണ്ടിമാത്രമാണു് ഗാന്ധി മൂപ്പീന്നിന്റെ പടവും, അതിന്റെ മുമ്പിലെ ആ ആൎഭാടവും ഒക്കെ. ഒരു കാലത്തു് നമുക്കറിഞ്ഞുകൂടേ, അവളുടെ ഭൎത്താവു് പട്ടം താണുപിള്ള കീജേ ആയിരുന്നു. സഹോദരൻ കെ. പി. നീലകണ്ഠപ്പിള്ളയായിരുന്നു പ്രാണപ്രിയൻ ശ്രീകണ്ഠൻ നായരായിരുന്നു അനുജത്തി സോഷ്യലിസമായിരുന്നു; അപ്പനമ്മമാർ വെറുത്തെങ്കിലും സർ. സി. പി-യും ഏകാധിപത്യവുമായിരുന്നു; ഭവനം ലാക്കപ്പും, ജയിലും മൈതാനവുമായിരുന്നു. ഭക്ഷണം ഇങ്കുലാബും സിന്താബാദുമായിരുന്നു. ഇന്നോ? ഇന്നത്തെ കഥ പറയാതിരിക്കുകയാണു് ഭേദം. ഇന്നവൾക്കു് മണിമന്ദിരങ്ങളും കാറും, വിമാനവും, പട്ടാളവും, പോലീസും, സ്തുതിപാഠകരും, വായ്പൊത്തുകാരും, തലചൊറിച്ചിൽകാരും, കുഞ്ഞിനെ ലാളിപ്പുകാരും, ആസനം താങ്ങികളും, അടുക്കള മന്ത്രക്കാരും, ബന്ധുക്കളും സ്നേഹിതന്മാരും, സെക്രട്ടറിയും സേവകന്മാരും ഒരു ബഹളംതന്നെ. ഇന്നവൾ ചിരിക്കുന്നതും കരയുന്നതും പണക്കാരോടായിട്ടു മാത്രമാണു്. തന്മൂലം കരിഞ്ചന്തക്കാരൻ ചെട്ടിയാരും കാമാന്ധൻ തൊഴിലാളിത്തലവനും അടുത്തുകൂടിയിരിക്കുന്നു.

ആഹാരത്തിലും വികാരത്തിലും അവൾ പാടേ മാറിപ്പോയിരിക്കുന്നു. ഇന്നു അവളുടെ മുഖം ടി. കെ. നാരായണപിള്ളയുടേതാണു്. നിതംബം കുമ്പളംചേട്ടനാണു്. കാലുകൾ മാമൻ മാപ്പിളയുടേതും

വൎജ്ജിച്ചനമാണ്. കൈകൾ സീ. കേശവൻെറയും, കെ. രാമകൃഷ്ണപിള്ളയുടേയും തോളിലാണ്. വായ് സി. നാരായണപിള്ളയുടേതാണ്. സ്തനങ്ങൾ മസ്ക്രീനും അക്കാമ്മയുമാണ്. അതിനിടയ്ക്കു നെഞ്ചിൽ രോമതുല്യം വിഹരിക്കുന്നവർ കുഞ്ഞുരാമനും, മജീദും, പപ്പുവും, പാച്ചുപിള്ളയുമാണ്. (നെഞ്ചിൽ രോമം കുരുത്താൽ അവൾ ഭൎത്തൃവധം കഴിക്കുകയോ ഭൎത്താവിനെ ഉപേക്ഷിക്കുകയോ ചെയ്യുമെന്നു സാമുദ്രികാകാരൻ പറയുന്നു. വി. കേ. പ.) ഊരുക്കൾ പനമ്പിള്ളിയും പാണ്ഡവനമാണ്; നാഭി ആനിജോസഫിനാണ്. അതിനപ്പുറം നരകമാകയാൽ ആൎക്കും വേണ്ടാതിരിക്കയാണ്. അഥവാ എല്ലാവൎക്കും വേണമെന്നിരിക്കയാണ്. സാമാന്യ ജനങ്ങൾ എന്നു പറയപ്പെടുന്ന ഒരു വക പപ്പടകപ്പുല്ലുകൾ ഈ നരകത്തിൽ സമൃദ്ധിയായി വളരുന്നെന്നുവച്ചു അവയെ ആരു് മൈൻഡു ചെയ്യാനാണ്; ആരു് കാണാനാണു?

കാലംകഴിഞ്ഞു.–

മന്ത്രിപദത്തിൻെറ കാലമായി വാസവദത്ത കണ്ട ഉപഗുപ്തൻ ഈ മന്ത്രിപദവിയാണ്. പഴയ ചെട്ടിയാരും കാളവണ്ടിയും എല്ലാം മറയത്തു് കളഞ്ഞിട്ടു് മന്ത്രിസ്ഥാനലബ്ധിക്കായി നൃത്തംചെയ്തും ഗാനം പൊഴിച്ചും മാനംകെട്ട അഭിസാരികാംക്കമാത്രം പററുന്ന ആ സ്ഥാനലബ്ധിക്കായി അവൾ നടത്തിയ കൊട്ടും കുരുത്തികൾ ചില്ലറയല്ല. ധനദാഹവും, സൗന്ദൎയ്യദാഹവും കലശലായപ്പോൾ അവൾ സ്വയം വഞ്ചിതയായി.

"ദയനീയം നീയിയന്ന ധനദാഹവും സൗന്ദൎയ്യ
സ്മയവും ഹാ! മുഗ്ദ്ധേ! നിന്നെ വഞ്ചിച്ചാ-
[യല്ലോ."

ഇവ രണ്ടിൻേറയും പേരിൽ—അതായതു് ധനദുൎമ്മോഹവും അധികാര പ്രൗഢികളിലുള്ള മോഹവും നിമിത്തം, ഇവൾ സ്വന്തം പിതാവിൻെറ ചെകിട്ടു് വെട്ടിത്തെറിപ്പിച്ചു. ഭൎത്താവിനെയും സഹോദരനേയും സഹോദരിയേയും വെടിഞ്ഞു. ഇഷ്ടകാമുകനെ വെളിക്കാക്കി. ഒടുവിൽ ഏതവസരത്തിലും അവൾക്കു് ഒരേ ഒരു കാൎയ്യം മാത്രമേ ധ്യാനമുള്ളു. മന്ത്രിപദം പുല്കണം.—അതെ, ഉപഗുപ്ത സമാഗമം വേണം.

വ്യൎത്ഥമായ് തോന്നുന്നു കഷ്ടം മന്ത്രിയാകാ-
[തെനിക്കുള്ള-
നൃത്തഗീതാദികളിലെ നൈപുണിപോലും.

എന്ന മട്ടിൽ സാധുവാസവദത്ത അഥവാ കാൺഗ്രസ്സ് നേതാവ് ഏതവസരത്തിലും കുനിഞ്ഞിരുന്നു കണ്ണുനീർ തൂകും. കരപററി നിന്നു വീണ്ടും വീണ്ടും കുണുങ്ങി അരയന്നപ്പിടപോലെ വീട്ടിനുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും മൂളി മൂളി നടക്കും. ഭാൎയ്യ വന്നു അടുക്കൽനിന്നു റേഷൻ വാങ്ങാൻ പണം ചോദിക്കുന്നു. ഇളയകുഞ്ഞിനു് മൂന്നു ദിവസമായി ഒഴിയാതെ വയററിളക്കമാണ്. മൂത്ത പയ്യൻ ഏഴാംക്ലാസിൽ പഠിക്കുന്നവനു് ഫീസു കൊടുത്തിട്ടില്ല. രണ്ടു ചിട്ടിയുള്ളതു് മുടങ്ങിയതിൻെറ പണം ചോദിക്കാൻ മുന്നാളൻ വന്നുനിന്നു രണ്ടുതവണ ചുമച്ചു. ഇക്കാൎയ്യങ്ങളൊന്നും ശ്രദ്ധിക്കാൻ നേതാവിനു് സമയവും സന്ദൎഭവുമില്ല. എപ്പോഴും അദ്ദേഹത്തിനു് ചിന്തയാണ്. ചിന്തയെന്നു പറഞ്ഞാൽ ഘോരഘോരമായ ചിന്ത! "ആ പട്ടത്തിനെ തള്ളി താഴെ ഇട്ടാലേ കാൎയ്യം ശരിയാകൂ! അല്ലെന്നുകണ്ടാൽ വിചാരിച്ചതൊന്നും നടക്കുന്നതല്ല. മൂത്ത പെൺകുട്ടി വയസു് പന്ത്ര

സുഖകരമായ ചായയും കാപ്പിയും
വിഭവസമൃദ്ധമായ ഭക്ഷണം!!
എവിടെ?
ആസാദ് ഹോട്ടൽ
പഴവങ്ങാടി ✣ തിരുവനന്തപുരം.

## പ്രധാന അറിയിപ്പ്

അടുത്ത ലക്കം മുതൽ കേരളത്തിലെ എണ്ണപ്പെട്ട പ്രമുഖ വ്യക്തികളുടെ തൂലികാചിത്രങ്ങൾ കാർട്ടൂൺനോടുകൂടി തുടരെ പ്രസിദ്ധീകരിക്കുന്നതാണ്.

പത്രാധിപർ

ണ്ടു് പതിമൂന്നു—ഓ പതിനാലുതന്നെ. ഒരു വർഷം വല്ല തരത്തിലും—ആരുടെ കാലുപിടിച്ചെങ്കിലും മന്ത്രിയായിരുന്നാൽ ഒരു നല്ല മേനവൻ പയ്യനെകൊണ്ടു് കെട്ടിക്കാം. മന്ത്രിയുടെ മകളുടെ കല്യാണത്തിനു് കൊട്ടാരത്തിൽനിന്നും ഒരു നല്ല ശരപ്പോളിമാല കിട്ടും. ഉദ്യോഗസ്ഥമേധാവികളും അനുദ്യോഗസ്ഥ പ്രമാണികളും. പ്രധാന കച്ചവടക്കാരും, ഉദ്യോഗാർത്ഥികളും ഒക്കെ നല്ല നല്ല പാരിതോഷികങ്ങൾ എത്തിക്കും. എല്ലാംകൂടി ഓ—ഒരു ഒന്നര ലക്ഷത്തിന്റെ വകയ്ക്കു ആക്ഷേപമില്ല. ഇതാണു് നമ്മുടെ "വാസവദത്ത," അവളുടെ ധ്യാനത്തിലിരിക്കുന്ന ഉപഗുപ്തനിൽക്കാണുന്ന അംഗലാവണ്യം. അല്ലാതെ അയാളുടെ പുറകേ ജനസേവനത്തിന്റെയും അഹിംസയുടേയും പേരിൽ ഓട്ടമേന്തി നടക്കാനല്ല കൊതിക്കുന്നതു്.

കാലം പിന്നെയും കഴിഞ്ഞു. കഥകൾ നിറഞ്ഞ മാസം പലതുപോയി. പാലപൂത്തു. ഒപ്പു ശേഖരിച്ചു കൂട്ടിവച്ചുകൊണ്ടു് അധികാരപദത്തിലിരുന്ന സ്വന്തം ഭരണാധികാരിയെ കാൺഗ്രസ്സ് ഗണിക വഞ്ചിച്ചു. ആ നേതാവിനും അതുവേണം. ആരും മൂട്ട മറക്കരുതു്. "ഒട്ടനാൾ മുമ്പിവളിങ്ങാ പട്ടംതാണുപിള്ള സാറി–നിഷ്ട കാമുകിയായ് വാണു രസിച്ചിരുന്നു." അങ്ങനെയാണു് അയാളെ ഭർത്താവാക്കിവച്ചതു്. പന്ത്രണ്ടുവർഷക്കാലം ആ ഭർതൃപദം അവൾ പതിവ്രതാ ധർമ്മപ്രകാരം അംഗീകരിച്ചു് നടന്നു. എന്നാൽ ഭാഗ്യകാലംവന്നു് അദ്ദേഹം ഭരണമേധാവിയായപ്പോൾ തലമറന്നു് എണ്ണതേയ്ക്കാൻ തുടങ്ങി. വാസവദത്ത മുഷിഞ്ഞു് മുഖം കറുപ്പിച്ചു. എന്തിനേറെ പറയുന്നു. ഉച്ചിഉറച്ച കൈകൊണ്ടുതന്നെ ഉദകക്രിയയും നടത്തി. പുറകേ കേസും വഴക്കും വടംവലിയും കക്ഷിപിടിത്തവും ശകാരവും കുരുക്കളുമായി. ഇതിനിടയ്ക്കു് കൊച്ചിയിൽനിന്നും ഒരു കാളവണ്ടിക്കാരൻ ചെട്ടിയാരും വന്നുചേർന്നു. ചെട്ടിയാർ അന്നുവരെ വാസവദത്തയെ കണ്ടിട്ടില്ല, കേട്ടിട്ടേയുള്ളു. ചെട്ടിയാരെ വളരെമുമ്പേ കിട്ടിയാൽ കൊള്ളാമെന്നു ഈ പുരഗണിക ആഗ്രഹിക്കുന്നുണ്ടു്. അയാൾക്കു് ചില കപ്പലുകളും കച്ചവടവും ഉണ്ടെന്നറിഞ്ഞിരുന്നതിനാൽ അയാളെ കണക്കിനു കടാക്ഷിച്ചു് സ്വാധീനപ്പെടുത്താൻ അവൾ വിരുതു കാണിച്ചു. അയാൾ കുരുക്കിൽ വീണു. ഈ പുതിയ കാമുകന്റെ വരവോടുകൂടി പഴയ പ്രണയക്കാരായ ചില തമിഴന്മാരും, തൊഴിലാളികളും, ഹിന്ദുക്കളും പലവഴിക്കു് ചേരുതിരിഞ്ഞു. ഒരു പിടക്കോഴിയുടെ ചുറവും പ്രണയനാടകം അഭിനയിച്ചു് ത്രിപുടതാളം പിടിക്കുന്ന പൂവന്മാരെപോലെ ഇവന്മാർ തമ്മിൽ കടിപിടിയായി. പാവം വാസവദത്ത—കാൺഗ്രസ്സ് വാസവദത്ത—ആ കലാപകാരികളുടെ മദ്ധ്യത്തിലായി അവളെ സകലരും വെറുത്തു. അവൾക്കുവേണ്ടി നീതിവാദപടുക്കളുടെ വലിയ വാചാലതയോടെ ചില പൊട്ടന്മാർ വാദിച്ചു. ചില കുരുടന്മാർ അവളെ വീണ്ടും വീണ്ടും വാഴ്ത്തി. പക്ഷെ ജനകീയകോടതിയിൽ അവൾ നിഷിദ്ധയും അപരാധിയുമാണെന്നു് വിധിക്കപ്പെട്ടു. അവളുടെ കരചരണ നാസികാദികൾ ഛേദിക്കാൻ ഉത്തരവായി. ഭയാനകമായ ഏതോ ചുടുകാട്ടിന്റെ നടുവിൽ അവൾ നിർദ്ദയം തള്ളപ്പെട്ടു.

For Quality Printing

THE MURUGAN PRESS,

PAZHAVANGADI——TRIVANDRUM.

എത്ര എത്ര സാമുദായിക സംഘടനകളുടെ അസ്ഥികൾ, ഉടഞ്ഞ ശംഖുപോലെയും ഉരിച്ചുമുറിച്ച വാഴത്തടപോലെയും അവിടെ കിടന്നു പൊട്ടിച്ചിരിക്കുന്നു. ആ ഏകാന്തമൂകമായ ചുടുകാട്ടിൽ പഴയ സഖികളായ കരിഞ്ചന്തയും കൈക്കൂലിയും അടുത്തണഞ്ഞിരുന്നു. അരയാൽ ചില്ല ചാട്ടിയും അശ്രുവർഷിച്ചും കാകതർജ്ജനം നടത്തിക്കൊണ്ടു് നന്ദികാണിക്കുന്നുണ്ടു്. എന്തൊരു ഭയനീയ രംഗമാണു്.

ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളടങ്ങിയ "യഥാർത്ഥ" ജനകീയ ഭരണം കൈവന്നു! ആ ഭരണാധികാരികൾ നിഷ്കാമഷമായി അവരുടെ ജനസേവനം നടത്തി. തന്മൂലം അവർക്കു് "ചോരനപഹരിക്കാത്ത ശാശ്വത ശാന്തിധനവും മാരനെയ്ത്താൽ മുറിയാത്ത മനഃശോഭയും ആർജ്ജിക്കാൻകഴിഞ്ഞു. ആ മഹത്വത്തിന്റെ മഞ്ഞച്ചീവരം അണിഞ്ഞു, ജനസേവന കൗതുകമാകുന്ന ചട്ടിയും കയ്യിലേന്തി സാക്ഷാൽ ഉപഗുപ്തസമാനനായി ഭരണാധികാരി കാൺഗ്രസ്സിനെ രക്ഷിക്കാൻ ചുടുകാട്ടിലേയ്ക്കു നടന്നു. ബദ്ധപ്പെട്ടു നടന്നു. മഹിത ഗുണങ്ങളിൽ നന്ദിയുണ്ടാകാതിരിക്കുമോ. രക്തത്തിൽ മുങ്ങി അന്ത്യശ്വാസം വലിച്ചുകിടന്ന കാൺഗ്രസ്സിനെ ആശ്വസിപ്പിക്കാനുള്ള അവസാന സന്ദേശം മാത്രം അവളുടെ ചെവിയിൽ പകന്നു. അവളുടെ തെററുകൾ അവൾക്കു് ചൂണ്ടിക്കാണിച്ചു് നേർവഴിയിൽ എത്തിക്കാൻ നമ്മുടെ ഉപഗുപ്തനു് സാധിച്ചു. അങ്ങനെ അന്ത്യനിമിഷത്തിൽ തികച്ചും സംതൃപ്തയായി അവൾ നിർവ്വാണമടഞ്ഞു! ആ പരിചാരികയുണ്ടല്ലോ—കരിഞ്ചന്ത—അവൾ നെഞ്ചു പൊട്ടിക്കരഞ്ഞു. അവൾക്കിനി ആരാണു് ഒരു ശരണമുള്ളതു്'–ഈ ലോകത്തു്?

പരിനിർവ്വാണയായതൻ പ്രിയസ്വാമിനിയെ-
[നോക്കി
പരിചാരിക വാവിട്ടു വിളിച്ചുകേണു.

അവളെയും ഒരുതരത്തിൽ സാന്ത്വനപ്പെടുത്തിയിട്ടു്, വഴിപോലെ സംസ്കാരകർമ്മങ്ങൾ നടത്തി ഉപഗുപ്തൻ തൻെറ ജോലിനോക്കി പോകുവാൻവേണ്ടി വേഗം തിരിയെ നടന്നു. വീണ്ടും വീണ്ടും ചിതയിൽനോക്കി നിലവിളിച്ചുകൊണ്ടു നിന്ന ആ പരിജനങ്ങളെ രണ്ടിനേയും തീയിൽ തള്ളിയിട്ടുകൊണ്ടു വികടൻ വീട്ടിലേയ്ക്കും യാത്രയായി.


സമീപിക്കുക! എവിടെ!!

**കഴക്കൂട്ടം**

**മഹാദേവവിലാസം**

തിയേറററിനു സമീപം സ്ഥാപിച്ചിരിക്കുന്ന ഈ മഹൽസ്ഥാപനത്തിൽ ഒന്നാംതരം പുകയില, ബീഡിഇല, സിഗററുകൾ പല ഇനം സോപ്പുകൾ, ഓയലുകൾ തുടങ്ങിയവ ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

പ്രൊ: പ്രഭാകരൻ,
കഴക്കൂട്ടം.



കഥകളി പ്രസ്ഥാനത്തിനോടു് അനുകൂലമുള്ള കേരളീയർക്കെല്ലാം കണ്ണിലുണ്ണി. ഏതു് വേഷത്തിനും കെൽപ്പുള്ള ഒരു കലാനിപുണൻ. കൊട്ടാരം കഥകളി നടൻ. ശ്രീ: മാങ്കുളം വിഷ്ണുനംപൂതിരിയെ അറിയാത്ത കേരളീയർ ചുരുക്കമാണു്.

ബുക്കുചെയ്യേണ്ടവർ ഉടൻ എഴുതുക:—

**മാങ്കുളം വിഷ്ണുനംപൂതിരി**

കൊട്ടാരം കഥകളി നടൻ
C/o. വികടകേസരി.
ആററങ്ങൽ

## പുറംതള്ളപ്പെട്ട മന്ത്രിമാൎക്ക് ഉദ്യോഗം.

വികടകേസരിയുടെ ചീഫ് ഏജൻറന്മാരായി താഴേപറയുന്ന എക്സ്മന്ത്രിമാരെ നിയമിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്നു

മി: കെ. എം. കോരാ. ഇദ്ദേഹം വികടകേസരിക്ക് വരിക്കാരെ ചേൎക്കാനും, പരസ്യങ്ങൾ ശേഖരിക്കുന്നതിനും, ചണത്തിൻെറ മാഹാത്മ്യത്തെപ്പററി പ്രതിപാദിക്കുന്നതിനും വേണ്ടി ഞങ്ങളുടെ കൽക്കട്ടാ പ്രതിനിധി എന്ന നിലയ്ക്കു് നിയമിച്ചിരിക്കുന്നു. മാന്യപത്രബന്ധുക്കൾ ഞങ്ങളുടെ ഏജൻറിനു് കഴിയുംവിധം ഒത്താശകൾ ചെയ്തുകൊടുക്കണമെന്നു് അപേക്ഷിക്കുന്നു.

ഏ. അച്ചുതൻ. ഇദ്ദേഹത്തിനെ വികടകേസരിയുടെ മദ്രാസ് സിററിയിലെ ചീഫ് ഏജൻറായി നിയമിച്ചിരിക്കുന്നു. സബ്ബ്ഏജൻസി വേണ്ടപ്പെട്ടവർ ചീഫ് ഏജൻറിനോടു നേരിട്ടു് എഴുത്തുകുത്തുകൾ നടത്തേണ്ടതാണു്.

മാൎക്കോസ് ഇദ്ദേഹത്തിനെ വികടകേസരിയുടെ റാന്നി, തിരുവല്ല, കോഴഞ്ചേരി, കോട്ടയം, മുണ്ടക്കയം, പാല എന്നീ സ്ഥലങ്ങളിലെ ഓർഗനൈസറായി നിയമിച്ചിരിക്കുന്നു. ആഫീസുവക ഒപ്പും മുദ്രയുമുള്ള രസീതു വാങ്ങിക്കൊണ്ടു് വരിസംഖ്യ പരസ്യക്കൂലി മുതലായതു ഇദ്ദേഹം വശം ഏല്പിക്കേണ്ടതാണു്.

ആനിമസ്ക്രീൻ. വികടകേസരി മാസികയ്ക്കു് മെഡിക്കൽ വകുപ്പിലുള്ള സകല ലേഡീ ഡാക്ടറന്മാരുടേയും, വനിതകളുടേയും ഇടയ്ക്കു നിന്നു് വരിക്കാരെ ചേൎക്കാനായി ഐക്യസംസ്ഥാനം ചുററി സഞ്ചരിക്കുന്നതാണു്. മാന്യപത്രബന്ധുക്കൾ ആഫീസുവക ഒപ്പും മുദ്രയും ഉള്ള രസീതു വാങ്ങിക്കൊണ്ടു് വരിസംഖ്യ, പരസ്യക്കൂലി മുതലായതുകൾ ഞങ്ങളുടെ വനിതാ ഏജൻറിനെ ഏല്പിക്കേണ്ടതാണു്.

T. A. അബ്ദുള്ളാ. ഇദ്ദേഹത്തിനെ വികടകേസരിയുടെ ഈജിപ്ററ്, സിറിയ, അറേബ്യ, പാലസ്റ്റിൻ, ഇറാൻ, ഇറാക്കു്, സൂഡാൻ, ററൂനിഷ്യ, അഫ്ഗാനിസ്റ്റാൻ, പാകിസ്റ്റാൻ എന്നീ സ്ഥലങ്ങളിലെ റെപ്രസൻേററ്റീവായി നിയമിച്ചിരിക്കുന്നു. ആഫീസുവക മുദ്രയും ഒപ്പുമുള്ള രസീതിൻപടിയല്ലാതെ കൊടുക്കുന്ന യാതൊരു തുകയ്ക്കും ഞങ്ങൾ ഉത്തരവാദികളാകുന്നതല്ല.

മാനേജർ.

## മാററപത്രങ്ങൾ.

മൂവാററുപുഴ നിന്നും പുറപ്പെടുന്ന നീതിമാൻ, കോട്ടയത്തുനിന്നു് പ്രസിദ്ധീകരിക്കുന്ന ധൎമ്മപ്രകാശം, തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്ന ചെങ്കൊടി എന്നീ വാരികകളും തിരുവനന്തപുരത്തുനിന്നും പ്രസിദ്ധംചെയ്തിരിക്കുന്ന വിശ്വമിത്രം എന്ന ചിത്രവാരികയും, വിശ്വകേരളം എന്ന ആഴ്ചപ്പതിപ്പും, ജനഹിതം, എന്ന പ്രതിപക്ഷപത്രികയും, മുന്നണി എന്ന ജനകീയ വാരികയും, കൊച്ചി പുതുകാട്ടുനിന്നും പുറപ്പെടുന്ന ചിത്രഭാനു മാസികയും, മാവേലിക്കരനിന്നും പ്രസിദ്ധീകരിക്കുന്ന ചിത്രാഞ്ജലി എന്ന സചിത്രമാസികയും, തിരുവല്ലാനിന്നും പുറപ്പെടുന്ന പുഞ്ചിരി വിനോദമാസികയും മാററത്തിനു് അയച്ചുതന്നതു കൈപ്പററി സഹജീവികൾക്കു്— ഉള്ളടക്കമനുസരിച്ചുള്ള വിജയമാശംസിച്ചുകൊള്ളുന്നു.

**ബ്രോച്ചെൽ പെൻവർക്സ്,**

പരിപൂർണ്ണ ഉത്തരവാദിത്വത്തോടു കൂടി എല്ലാവിധ ഫൌണ്ടൻപേനകളും ഭംഗിയായി റിപ്പയർചെയ്തു് കൊടുക്കുന്നതാണു്.

N. B. ഞങ്ങളുടെ സ്വദേശിപേനകൾ വാങ്ങുവിൻ.

കിളിമാനൂർ.
A. O. & P. O. ആററിങ്ങൽ.

## പനയോല പറമ്പിലെ കഥകളി.

ആണ്ടുതോറും നടത്തിവരാറുള്ള പനയോല പറമ്പിലെ ഉത്സവവും കഥകളിയും ഈ കൊല്ലവും പൂർവ്വാധികം ഭംഗിയായി നടത്തിയതിൽ അതിന്റെ ഭാരവാഹികൾ അനുമോദനാർഹരാണ്.

ചേർത്തല മി: കുട്ടപ്പക്കുറുപ്പ്. മി: കുറുപ്പിന്റെ പാട്ടിന് ഒരു പുരോഗമനമുണ്ട്. ഇടയ്ക്കു ശബ്ദം ഇടറുന്നുണ്ടെങ്കിലും നന്നായിട്ടുണ്ട്. പക്ഷെ നളചരിതം ശ്രീ: വലിയ ഉണ്ണിത്താൻ പാടി കാണികളെ രസിപ്പിക്കുംപോലെ നന്നായിട്ടില്ല

കുറിച്ചി കുഞ്ഞൻ പണിക്കരും. മാങ്കുളം വിഷ്ണു നമ്പൂതിരിയും. നളന്റെ വേഷത്തിന് പ്രശസ്തി സമ്പാദിച്ച കലാമണ്ഡലം കുഞ്ചുക്കുറുപ്പ് കുഞ്ചുനായർ, കൃഷ്ണൻനായർ. രാമകൃഷ്ണപിള്ള തുടങ്ങിയ നടന്മാരുണ്ടെങ്കിലും ശ്രീ: മാങ്കുളം വിഷ്ണുനമ്പൂതിരിയുടെ നളന് ഒരു പ്രത്യേകതയുണ്ട്. ഹംസത്തിനെ കാണുന്ന വേളയിൽ അദ്ദേഹത്തിന്റെ കണ്ണിനും മൂക്കിനുംകൂടി ഒരേ സമയത്തുള്ള മുഖാഭിനയം കാണികളെ എത്രമാത്രം രസിപ്പിച്ചിട്ടുണ്ടെന്നു വിവരിക്കുവാൻ പ്രയാസമാണ്. സന്താനഗോപാലത്തിലെ അർജ്ജുനൻ കെട്ടിയ ശരംകൂടം മാങ്കുളത്തിനെപ്പോലെ വേറൊരു നടൻ കെട്ടിയാൽ നന്നാകുമോ കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. പണിക്കരാശാന്റെ "ഹംസം" എത്രകണ്ടാലും മതിവരുന്നതല്ല. പണിക്കരുടെ മുദ്രകളെപ്പററി യാതൊരു അറിവുമില്ലാത്തവർക്കും അദ്ദേഹത്തിന്റെ മുഖാഭിനയം ഒന്നാംതരം വാചാപ്രസംഗം പോലെ സുഗ്രഹമായിരിക്കും. യഥോചിതം ഫലിതം തട്ടിമൂളിക്കുന്ന പണിക്കരാശാന്റെ കഥകളി ലോകത്തിലെ ഒരു എൻ. എസ്. കൃഷ്ണനായി ഞാൻ ഗണിക്കാറുണ്ട്. (ഈ പ്രസ്താവം പണിക്കരാശാന്റെ കലാപ്രവീണതയ്ക്കു ഒരപമാനമായി ആരും കണക്കാക്കരുത്. വി. കെ. പ.) പണിക്കരുടെ പ്രധാന വേഷങ്ങൾ ഹനുമാൻ, കൃഷ്ണൻ, ബാഹുകൻ, ഹംസം, കാട്ടാളൻ, നാരദൻ ദുർവ്വാസാവ് തുടങ്ങിയവയാണ്.

അവനവൻചേരി കൃഷ്ണപിള്ളയും, ഓയൂർ കൊച്ചുഗോവിന്ദപ്പിള്ളയും, ബാലിവിജയത്തിലെ രാവണനായി വേഷംകെട്ടിയ മി: കൃഷ്ണപിള്ള വളരെ നന്നാക്കിയിട്ടുണ്ട്. സമയം തികഞ്ഞില്ലെന്നൊരു കുഴപ്പംമാത്രമേയുള്ളു. മി: കൃഷ്ണപിള്ളയുടെ കരിക്കും കുചേലനും വളരെ പ്രാധാന്യമുണ്ട്. നളചരിതത്തിലും, ബാലിവിജയത്തിലും നാരദനായി വേഷം കെട്ടിയ ശ്രീ: ഓയൂർ കൊച്ചുഗോവിന്ദപ്പിള്ളയെ അധികം പറയണമെന്നില്ല. കുഞ്ഞൻപണിക്കരുടെ ശിഷ്യനാണ് മി: ഗോവിന്ദപ്പിള്ള. പണിക്കരാശാൻ നമുക്ക് നഷ്ടപ്പെടുമ്പോൾ പകരം കിട്ടുന്ന പണിക്കർ മി: ഗോവിന്ദപ്പിള്ളയാണെന്നുമാത്രമേ ഇപ്പോൾ പറയുന്നുള്ളു.

കരുനാഗപ്പള്ളി മി: ദാമോദരപ്പണിക്കർ കഥകളിക്ക് ചെണ്ടകൊട്ടാൻ മി: പണിക്കർ അഭ്യസിച്ചിട്ടുണ്ടെന്നു കാണികൾക്കു ബോദ്ധ്യംവന്നിട്ടുണ്ട്. മേളക്കാർ ആരുംതന്നെ മോശമല്ല. ഇതുപോലുള്ള പ്രസ്ഥാനങ്ങൾ മേലും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## കൈപ്പററി.

കലണ്ടറുകൾ:— ചാലയിൽ പാത്രവ്യാപാരം ശ്രീ: P. മാധവൻതമ്പി, M A M. ഹനീഫ്. മാധവവിലാസം സൈക്കിൾഷാപ്പ്. ഹസ്സൻ മരക്കാർ, കററച്ചുകോണം രേണുകാസ്റ്റോർ ഇവരുടെ നവവത്സര കലണ്ടറുകൾ അയച്ചുതന്നതും കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു

വളഞ്ഞ ഫലിതം നിറഞ്ഞ
കാർട്ടൂൺ
ഏതു പാർട്ടിക്കും
വരച്ചുകൊടുക്കാൻ തയാർ
S. K. നായർ.
C/o വികടകേസരി,
ആററങ്ങൽ.

# ഹാസ്യലേഖനം

## കൊച്ചമ്മയുടെ ഗൃഹഭരണം

(M. A. Elah, Karamanai)

ടക്ക്, ടക്ക്, ടക്ക്, ആരോ കതകിൽ തട്ടുന്ന ശബ്ദം.

"ആരാ! കതകിൽ മുട്ടുന്ന"തെന്ന് സഗൗരവം നാണി ചോദിച്ചു.

'ഞാനേടീ! ഞാനേ,'

'അതാരാണു കൃവാ ഏടീ എന്നും മററും വിളിക്കുന്നതു്.'

'എന്റെ പൊന്നു നാണീ, നീ കോപിക്കാതെ, ഞാനേ നിന്റെ ഭർത്താവ്.'

'ഭർത്താവും കർത്താവുമെന്നും പറയേണ്ടാ. അല്പനേരത്തേക്ക് അവിടെ നില്ക്കൂ. എനിക്കിപ്പോൾ അസൗകര്യം.'

'എന്തെടീ! ഈ അസമയത്തെ നിനക്കസൗകര്യം.'

'എന്റെ അസൗകര്യത്തെപ്പററി താൻ അറിഞ്ഞിട്ടാവശ്യമില്ല.' പരുത്തിക്കടയിൽ പട്ടിക്കെന്തധികാരം എന്നുള്ള മറുപടി കേൾക്കുകയാൽ ആ സാധു മൂക്കുകയറില്ലാത്ത മനുഷ്യൻ പടിക്കൽ ഇരിപ്പും പിടിച്ചു.

വളരെനേരം കഴിഞ്ഞിട്ടും കതകു തുറക്കാഞ്ഞതിനാൽ കൃഷ്ണൻ വീണ്ടും വിളിതുടങ്ങി.

'എന്റെ തങ്കം! കതകൊന്നു തുറയെടി. എനിക്കു വളരെ 'വിശക്കുന്നു.

നാണി ഭദ്രകാളിയെപ്പോലെ ആപാദചൂടം കലിയോടുകൂടി കതകു തുറന്നുകൊണ്ട് കൃഷ്ണന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആ സാധുവിന്റെ അപ്പോഴത്തെ സ്ഥിതി ഊഹിച്ചുകൊള്ളുകയാണ് ഭേദം. കൃഷ്ണൻ ഒന്നും ഉരിയാടാതെനിന്നു. 'ഇനി എന്താ നോക്കി നില്ക്കുന്നതു്, കടക്ക് അകത്തേയ്ക്കു്', എന്നു നാണി വീണ്ടും അട്ടഹസിക്കാൻ തുടങ്ങി.

കൊലയാനയുടെ മുമ്പിൽനിന്നും രക്ഷപ്പെട്ടതുപോലെ കൃഷ്ണൻ വീട്ടിന്റെ ഉള്ളിലേയ്ക്കു പാഞ്ഞു് മുറിയുടെ ഒരു കോണിൽചെന്നുപാററി തിരിഞ്ഞു നോക്കുമ്പോൾ ഭാര്യ തന്റെ അഭിമുഖമായി വരുന്ന കാഴ്ചകണ്ടു് ആ പരമസാധു പന്തംകണ്ട പെരുച്ചാഴിയെപ്പോലെ കുഴങ്ങിത്തുടങ്ങി എന്നുതന്നെ പറയാം. വിശപ്പിന്റെ കാഠിന്യംകൊണ്ടു് കൃഷ്ണൻ വീണ്ടും യാചിക്കാൻ തുടങ്ങി.

'എന്റെ പ്രാണേശ്വരി; വിശന്നു വിശന്നു് പ്രാണൻപോകുമെന്നു തോന്നുന്നു. അതിനുമുമ്പു് രണ്ടു കഷണം മരിച്ചീനിയെങ്കിലും എന്റെ ദേവി പ്രസാദിച്ചാലും.'

'ദേവി പ്രസാദിക്കുന്നതു് ക്ഷേത്രത്തിലും മററുമാണു്', എന്നു നാണി അട്ടഹസിക്കാൻ തുടങ്ങി.

ഭർത്താവു് അവിടെനിന്നും താളം പിടിക്കുന്നതുകണ്ടു് നാണി വീണ്ടും ഗർജ്ജിച്ചു.

'ഫോ! അസത്തെ—ഫോ! മറയത്തു്.'

ഇത്രയും കേട്ടമാത്രയിൽ കൃഷ്ണൻ ഇനി ഇവിടെ നിന്നാൽ ആഹാരത്തിനുപകരം അടി കിട്ടുമെന്നുള്ള ഭയത്തോടുകൂടി നൊടിക്കിടയിൽ കന്നുകാലി തൊഴിത്തിൽ ഗമിച്ചു് കച്ചിലിൽ ശയിക്കുകയും ചെയ്തു. കുത്തേററവൻ ഉറങ്ങിയാലും കുറവയറൻ ഉറങ്ങുകയില്ലെന്നുള്ള പഴമൊഴി അന്നാണു് മിസ്റ്റർ കൃഷ്ണനു് മനസ്സിലായതു്.

പുറത്തുപോയി വല്ലതും കഴിക്കാനാണെങ്കിൽ കയ്യിൽ ഒരു കാശുമില്ല. ഇങ്ങനെ പലതും ചിന്തിച്ചു് സ്വശക്തിയില്ലാത്ത ആ മനുഷ്യഭീരു സമയത്തെ മുന്നോട്ടു നയിച്ചു.

അർദ്ധരാത്രി മണി പന്ത്രണ്ടു കഴിഞ്ഞിട്ടും ഉറക്കം വരാത്തതിനാൽ ആ സാധു കൃഷ്ണൻ എഴുന്നേററു് വീട്ടിന്റെ നാനാഭാഗങ്ങളിലും നായ്ക്കളെപ്പോലെ ചുററിനടന്നു. എല്ലാ ഭാഗവും ഭദ്രമായി അടച്ചിരുന്നതിനാൽ അയാൾ ഉദ്ദേശിച്ചതുപോലെ സാധിക്കാത്തതുകൊണ്ടു് വളരെ നിരാശയോടുകൂടി തിരിച്ചു് പഴയ വയ്ക്കോലിൽ സ്ഥാനം പിടിച്ചു. വിശപ്പടക്കാനുള്ള വഴി ആരാഞ്ഞു തുടങ്ങി. അപ്പോൾ നമ്മുടെ കഥാനായകനു് ഒരു ബുദ്ധിതോന്നി. ഉടൻതന്നെ എഴുന്നേററു് കന്നുകാലിതൊട്ടിയിൽ ചെന്നു് നാല്ക്കാലികൾക്കു് ഭക്ഷിക്കാൻ ഇട്ടിരുന്ന പുളിയൻകുരുവിൽനിന്നു ഏതാണ്ടു് ഭൂരിഭാഗവും ശ്രീമാൻ

## കണ്ടതും കേട്ടതും.

ആററിങ്ങൽ പബ്ളിക്ക് റോഡിൽ വച്ച് അരിയും നെല്ലും പരസ്യമായി പകൽ നാലുമണിക്കു് വില്പന നടന്നുകൊണ്ടിരിക്കുന്ന വിവരം ഇവിടത്തെ ഉദ്യോഗസ്ഥന്മാർ കാണാത്തതിൽ അത്ഭുതപ്പെടുന്നു. മാക്ററു റോഡിൽക്കൂടി കാറിൽ പോയാൽ ഒരുപക്ഷേ കണ്ടില്ലെന്നുംവരാം അല്ലേ?

* * *

മൂവാററുപുഴ: ഒരു കാറും എട്ടു ചാക്കരിയും കളഞ്ഞുകിട്ടിയിരിക്കുന്നു. കണ്ടുപിടിച്ച പോ: കാൺസ്റ്റബിൾ തലയിൽ കയ്യും വച്ചു കരഞ്ഞോണ്ടു വീട്ടിൽ പോകേണ്ടിവരുമോ? ഈശ്വരനറിയാം. ഉത്തരവാദഭരണമല്ലേ? പോലീസ് ക്രിസ്ത്യൻ ആയിരിക്കണേ, ഭഗവാനെ!

* * *

ഹിന്ദുസമുദായത്തെ പതിനാലു പ്രാവശ്യം ഉഴാതെ നന്നാകയില്ലെന്നു് മി: മന്ദത്തു് പത്മനാഭൻ പറയുന്നു. അതിനുള്ളിൽ മിശ്ര വിവാഹമൊന്നും വേണ്ടെന്നല്ലേ ഇതിന്റെ ധ്വനി? പത്മനാഭൻ ഭയങ്കരനാണേ! സൂക്ഷിച്ചോ. പക്ഷേ ഒരു കാര്യം. ഉണങ്ങിയ മരത്തിനു് വലത്തിടുന്നവർ ഈ കാര്യം ശ്രദ്ധിക്കേണ്ടകാര്യമില്ല, കേട്ടോ?

* * *

ആലപ്പുഴ തൊഴിലാളി യോഗത്തിൽ സ: രാമനാഥൻ എം. ഏ. ചോദിച്ച ബ: മന്ത്രി ശ്രീ പനമ്പള്ളിക്കു് മുൻസിപ്പൽ തൊഴിലാളിയെപ്പോലെ കഴിയാമോ എന്നു്. കൊള്ളാം, സഖാവു് എന്തറിഞ്ഞു. തീയിൽ ചാടാൻ പറഞ്ഞാൽ അതിന്റെ അപ്പുറം ചാടുന്ന ശ്രീ പനമ്പള്ളിയോടാണോ ഇതു്? എത്ര ത്യാഗിച്ചയാളാണെന്നു് കൊച്ചീക്കാരോടു് അന്വേഷിക്കു.

<u>കാ. പാ: ചീഫ് വിപ്പിന്റെ പ്രസ്താവന.</u>

എന്തു്? പാർട്ടി ലീഡറുടെ പേരിലും അച്ചടക്ക നടപടിയോ? അയ്യോ വേണ്ട. ഇവിടത്തെ പൊതുജനങ്ങൾ തള്ള ചത്ത മക്കളെപ്പോലെ പിന്നെ എവിടെ പോകും. സിംഗപ്പൂരിൽ പോകണമെങ്കിൽ 4000 രൂപാ ജാമ്യം കൊടുക്കണം. വേണ്ട വേണ്ട, എനക്കേതൊന്നും കാണിക്കരുതേ! വലഞ്ഞുപോകും.

* * *

പുനലൂരിൽ, ഒരു എസ്റ്റേററിൽ അവിടത്തെ മുതലാളി തൊഴിലാളികളെ മർദ്ദിക്കുന്നുപോലും. അതിനു് കാൺഗ്രസ്സ് ഗവൺമെൻറു് എന്തുചെയ്യണം. അതു് ആഫീസുകാര്യം. തല്ലു് തണുപ്പല്ലെന്നു് ഇപ്പഴാണോ മനസ്സിലായതു്. കുറച്ചൊക്കെ സംസ്കാരം വേണം. മുതലാളിയോടു് മര്യാദയായി പെരുമാറണം. ഇടത്തും വലത്തും തൂങ്ങിക്കിടക്കുന്നതു് വാഴക്കയ്യാണോ?

---

കൃഷ്ണൻ അമൃതംപോലെ ഭക്ഷിച്ചു് ആ സാധുമൃഗങ്ങളുടെ വയററിലടിച്ചു എന്നുതന്നെ പറയാം.

അല്പം വിശപ്പടങ്ങി എന്നു് ആശ്വസിച്ചുംകൊണ്ടു് കൃഷ്ണൻ വീണ്ടും ഉറക്കത്തിനു് വട്ടംപിടിച്ചു. ഈശ്വരാ! പിന്നീടുള്ള സ്ഥിതി ഊഹിച്ചുകൊള്ളുകയാണു ഭേദം. പുളിയൻകുരു ഉള്ളിൽ ചെന്നു ചേർന്നതുകൊണ്ടുണ്ടായ വയററുവേദനകൊണ്ടോ? വയ്ക്കോലിൽ ശയിച്ചിരുന്നതുകൊണ്ടു ശരീരമാസകലം കടികൊണ്ടോ? ആ പെണ്ണാളനെ നിദ്രാദേവി അനുഗ്രഹിച്ചതേയില്ല.

ഇങ്ങനെ ഏതാണ്ടു് ജയിലിലെ മണി നാലടിക്കുന്നതുവരെ ഓരോ യാമവും അയാൾ എണ്ണിയെണ്ണി കഴിച്ചുകൂട്ടി. മണി അഞ്ചടിച്ചപ്പോൾ നിദ്രാദേവി അയാളെ അനുഗ്രഹിക്കയാൽ അല്പം കണ്ണടഞ്ഞു എന്നു പറയാം. അപ്പോൾ കാണാം കുരുത്തംകെട്ട പക്ഷികളുടെ കളകളാ ശബ്ദംകേട്ടു് ഞെട്ടി ഉണർന്നു നോക്കുമ്പോൾ നേരം പ്രഭാതമായി.

ധൃതിയിൽ തന്നെ കതകുതുറന്നു് വെളിയിൽ ഇറങ്ങി റോഡിന്റെ ഇരുഭാഗങ്ങളിലും നോക്കി.

(തുടരും)

ആലപ്പി സിൽക്കു ഹൌസ്
കല്ലൻറോഡ്, ആലപ്പുഴ
(മുല്ലക്കൽ ബ്രാഞ്ചു്)
ഒന്നാംതരം സിൽക്സാരികൾ, പട്ടു്, ചീട്ടി, ഷർട്ടിംഗ്, ഇവകൂടാതെ എല്ലാത്തരം ജൌളിത്തരങ്ങളും മിതമായ വിലയ്ക്കു വില്പനയ്ക്കുണ്ടു്.
പ്രൊപ്രൈറ്റർ
ഭീമാ & ബ്രദർ.

## ആശ്രമജന്തുവിന്റെ വിശ്വരൂപം

(നാ-രി)

അസ്ഥിരചിത്തനായ് ദേശാഭിമാനത്തി-
നസ്ഥിയും മാന്തി കരത്തിലേന്തി,
ഉള്ളിൽക്കലികൊണ്ടു ലോകം വിറപ്പിച്ചു
തുള്ളിക്കളിക്കുന്ന വിശ്വരൂപം.
കുമ്പളം—വമ്പനാം കുമ്പള—ആ വെള്ള-
യമ്പലം ചെയ്തോരു പുണ്യപൂരം!——
ഭക്തനായ് പാദത്തിൽ പററിക്കിടക്കുന്നു-
മുക്തനായീടുവാൻ കുഞ്ഞുരാമൻ-
പെമ്പിള മാരണിപ്പൂൺപായ 'മസ്ക്രീന-
ങ്ങമ്പിൽ തൊഴുകൈയണിഞ്ഞു നില്പൂ-
ചക്രുററമുള്ളോരു ശംകുവാമീശന്റെ
ഹുങ്കാരഗംഭീര പോർനിനാദം,
കേട്ടയ്യോ കോൺഗ്രസ്സും കെ. എസ്. പി.
[കമ്മ്യൂണിസ്റ്റ്-
കൂട്ടരുമൊട്ടമായമ്പരപ്പിൽ———
കേരളപ്പൈതലിന്നാശയാം തന്തുവിൽ
ചാരുതയാൎന്നു പറന്നുപൊങ്ങി
വാനിൽ വിളങ്ങിയ 'പട്ടം' ചരടററു-
വാലുംകറക്കി നിലം പതിച്ചു———
"നിഷ്കൃതികെട്ട" കുരങ്ങനെപ്പോൽ റ്റി. എം.
വർഗ്ഗീസ് വാലിട്ടടിച്ചുപോയി-
കുട്ടിക്കുരങ്ങനേപ്പോലവേ കേശവൻ-
കൊട്ടിത്തുടങ്ങിനാൻ താളമേളം!
ഢീക്കടിച്ചീടുവാ നേററം വിദഗ്ദ്ധനാം
ടി. കെ. യും ദൂരെയൊളിഞ്ഞുനിന്നു-
പാണ്ഡവ'നൊട്ടു തെളിഞ്ഞു-ഭയാനക-
താണ്ഡവംകണ്ടൊട്ടു ഹൃഷ്ടനായി-
മീശപിരിച്ചോരു മന്ത്രിയാകാമെന്നു-
ള്ളാശയിൽ "പിററി" ചൊടിച്ചുനിന്നു-
കണ്ണാടിയും ഖദർ ജുബ്ബയുമൂരിയ-
'കണ്ണാറ' ദൂരെയെറിഞ്ഞുവേഗം,
ശങ്കര ശംഭോ ജപിച്ചുടൻ 'ചാണ്ടി'ക്കു-
ശിങ്കിടി പാടി സ്തുതിതുടങ്ങി-
കഷ്ടമെന്നോൎത്തു കഷണ്ടിത്തലമൂൎത്തി-
തൊട്ടുമേ ക്രൂസാത്ത 'രാമചന്ദ്രൻ'-
ദേവാസുരഗണം ഭീതരായ് നില്ക്കുന്നു-
ഭൂവാസിവൎഗ്ഗം നടുക്കമാൎന്നു-
ദേവേന്ദ്രനോടി മഹേശനോടോതിനാൻ,
ദേവൻ ശിവനുടൻ ബ്രഹ്മനോടും-
എവരും പോംവഴി കാണാഞ്ഞുഖിന്നരായ്
ദിവ്യമാം കല്പ തരുത്തണലിൽ,
യോഗാസനസ്ഥനാം ചട്ടമ്പി സ്വാമിയെ
വേഗത്തിൽ ചെന്നു തൊഴുതുണൎത്തി......
കണ്ണുതുറന്നു കടാക്ഷിച്ചു; സുസ്മേര-
വെണ്ണിലാവോലും മുഖത്തുനിന്നും-
വീണനാലഞ്ചാറു വാക്കുകൾ കേട്ടപ്പോൾ
നാണിച്ചഖിലരും നോക്കിനിന്നു——
"കാട്ടമിതുപോലെ തീററിയും വെള്ളവും-
കിട്ടാത്തനാളീ വളൎത്തുമൃഗം-
ആശ്രമജന്തുവിന്നുളളിയിടലിലും
വത്സരേ! പേടിച്ചു പോയോനിങ്ങൾ!
വല്ലതുമൊന്നു കുടിക്കുവാനും, തുള്ളി-
വെള്ളമതിന്നു കുടിക്കുവാനും,
നൽകാതിരിക്കുകിലിങ്ങനെയാണതു-
നാല്ക്കാലികൾക്കു സഹജമല്ലേ?"———

നവീന രീതിയിലുള്ള ഇംഗ്ലീഷ് ഫേബ്രിക്കും, സിൽക്കു തരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ലൂർ, ബനാറീസ് സാരികളും, കസവു കവുണിത്തരങ്ങളും, മററു ജവുളിത്തരങ്ങളും മിതമായ വിലയ്ക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ.

ബി. പുഷ്പാംഗതപ്പണിക്കർ.
പഴകുററി, നെടുമങ്ങാട്.

സ്വർണ്ണം, വെള്ളി ഇവയിലുള്ള എല്ലാത്തരം ഉരുപ്പടികളും ആർഡർ അനുസരിച്ച് മിതമായ വിലയ്ക്കു പണിചെയ്തുകൊടുപ്പാൻ തന്നാർ. കൂടാതെ സ്വർണ്ണം, വെള്ളി ഇവകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണ്.

എം. ബാലൻ.
പോത്തൻകോട്.


## നാട്ടുവർത്തമാനങ്ങൾ

തിരുവനന്തപുരം:—പേരൂർക്കട ആശുപത്രിയിലെ ഡാക്ടർ സാധുക്കളായ രോഗികളെക്കൂടി ഗൗനിച്ചാൽ കൊള്ളാം. മി: രാഘവപ്പണിക്കരുടെ വസന്താ ടെക്സ്റ്റയിൽ അഭിവൃദ്ധിയിൽ തന്നെ. ഇരമത്തു് ഹോമിയോ ഹാൾ സാധുക്കളായ രോഗികൾക്കു് അഭയസ്ഥാനം തന്നെ. താലൂക്കിലെ പഞ്ചസാരവിതരണം പഴയപടി തന്നെ. തൈക്കാട്ടു് ആശുപത്രിയിലെ ഒരു നേഴ്സ് നാടകത്തിനും വേണ്ടിവന്നാൽ സിനിമാക്കും പോകുമ്പോൾ. സിററി റേഷനിംഗ് ആഫീസരുടെ പെർമിററിനു വിലകല്പിക്കാത്തതു കഷ്ടംതന്നെയെന്നു് പലരും പറയുന്നു. പെരുന്താന്നിയും N. S. S. കാളേജിലെ ഒരു വിദ്യാർത്ഥിയും ഒരു വക്കീലിന്റെ സന്താനവും കൂട്ടുകാരിയും ഓറഞ്ചുതോട്ടം പത്മതീർത്ഥക്കരയും ബഹളങ്ങളും അടുത്തതിൽ. കുമാർകേഫ് പൊടിപ്പൻതന്നെ. ആര്യശാല തിയേററിൽനിന്നും സെക്കൻഡ് ഷോ സിനിമാ കഴിഞ്ഞു് മടങ്ങുന്ന സ്ത്രീകളോടു് അപമര്യാദയായി പെരുമാറുന്ന വലിയശാല പൂവാലന്മാരെ ചാല പോലീസ് ശ്രദ്ധിക്കണം. ആര്യശാല റേഷൻ ഫോറസെയിൽ മി: നീലകണ്ഠപ്പിള്ളക്കു ഒരു റിട്ടയിൽ ലൈസൻസുകൂടി അനുവദിച്ചിട്ടുണ്ടെന്നും അതു പള്ളിക്കാരന്റെ അനുജന്റെ പേർക്കാണെന്നും അതുമൂലം സമീപമുള്ള മററു പല റിട്ടയിൽ വ്യാപാരികൾക്കും റേഷൻ ചെലവാകുന്നില്ലെന്നും പറയുന്നു. മി: നീലകണ്ഠപ്പിള്ള മററുകടകൾക്കു ചീഞ്ഞുനാറിയ സാധനങ്ങളേ കൊടുക്കയെന്നും സ്വന്തം കടയ്ക്കു നല്ല സാധനങ്ങൾ ഇഷ്യൂചെയ്യുന്നതുമാണു് ഇതിനു കാരണമെന്നു് ജനങ്ങളും പറയുന്നു. പൂർണ്ണവിവരം അന്വേഷണത്തിൽ. മണക്കാട്ടു് ശ്രീ: കുമാരസ്വാമിപ്പിള്ളയുടെ ഉടമസ്ഥതയിൽ നടത്തിവരുന്ന ഗാമാനീലം സോപ്പ ഒന്നാംതരം തന്നെ. വികടകേസരി ഒററ പ്രതി പുളിമൂട്ടിൽ ന്യൂസ് ഏജന്റു് ശ്രീ. കെ. ഭാസ്കരൻനായരുടെ ബുക്കുസ്റ്റാളിലും കററച്ചക്കോണം രേണുകാ ഗോൾഡൻസ്റ്റോറിലും കിട്ടുന്നതാണു്. കൈതമുക്കിൽ നിന്നും ഒരു യക്ഷി ആനക്കൊട്ടിൽവഴി സവാരി ചെയ്യുമ്പോൾ. പഴവങ്ങാടി കോട്ടയ്ക്കകത്തെ റേഡിയോലേൺ രഹസ്യം വരുന്നു. ടാക്സി ആവശ്യമുള്ളവർ വഴുതയ്ക്കാട്ടു് മി. വി. കെ. പണിക്കരോടു് ആവശ്യപ്പെടുക.

കൊല്ലം:—മുൻസി- ക്യാഷരുടെ ഇപ്പോഴത്തെ ഭക്ഷണം സ്റ്റോറാണെന്നു പറയുന്നതിൽ അർത്ഥമില്ലാ. ട്രാൻസ്പോർട്ടാഫീസിനടുത്തു് മോഡേൺകഫേ യാത്രക്കാർക്കു് ഒരനുഗ്രഹമാണു്.

വാമനപുരം:—ഒരു ന്യൂസ് ഏജന്റു് ചില മാന്യന്മാരെ പത്രദ്വാര ദൂഷിക്കുന്നതു ശരിയാണോ! തിരുവാമനപുരം ക്ഷേത്രത്തിലെ ഉത്സവം സാമാന്യം ഭംഗിയായി.

മേലാററുമൂഴി:—സ്കൂളിൽ ഒരു കിണറും, മൂത്രപ്പുരയും അത്യന്താപേക്ഷിതമാകയാൽ അധികൃതരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ചൂതുകളി പ


# വിജയമോഹൻ പ്രസ്സ്

നെടുമങ്ങാട്.

ഞങ്ങളുടെ മുദ്രാലയത്തിൽ ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിലുള്ള എല്ലാത്തരം അച്ചടി വേലകളും, ബുക്ക് ബയന്റിംഗ് മുതലായവയും മിതമായ ചാർജ്ജിൽ ചെയ്തു കൊടുക്കുവാൻ എപ്പോഴും തയ്യാറാണു്.

മാനേജർ.

രോഗതിയിൽ തന്നെ. കുളക്കടവിലെ വിശ്രമം നിർദ്ദോഷമായിരിക്കണേ!

കല്ലറ:—മാസികകളും, എഴുത്തുകളും വിലാസകാക്ക് അഞ്ചൽ ഡെലിവറി എത്തിച്ചുകൊടുക്കുന്നില്ലെന്നു വായനക്കാരുടെ പരാതി അടിക്കടി വരുന്നു. അഞ്ചൽ മേധാവിയുടെ സത്വരശ്രദ്ധ തെളിഞ്ഞു പതിയണം. മുണ്ടോണിക്കര മി: ചെല്ലപ്പൻപിള്ള പുതുതായി നടത്തിയ ഉത്സവം മഴയുണ്ടായെങ്കിലും നന്നായി. സ്കൂളിൽ ഫർണിച്ചർ റിപ്പയറിൻെറ അത്യാവശ്യത്തെ ആരെങ്കിലും ഗൗനിക്കണേ.

മിതൃമ്മല:—ഇലങ്കത്തിലെ ഉത്സവം നന്നായെങ്കിലും പിരിവിൻെറ ഒരു വിഭാഗം ബന്തവസിനു പോയതും, പരിചയമില്ലാത്തവരെ നിവേദ്യത്തിനു ഏർപ്പെടുത്തിയും പോരായ്മയല്ലേ!

നെടുങ്ങോലം.—സബ്ബ്‌രജി: കച്ചേരി ഏറ്റവും പററിയസ്ഥലത്തു തന്നെയാണ് സ്ഥിതിചെയ്യുന്നതു്. മി: രാമൻനായരുടെ ആശുപത്രി പുരോഗതിയിൽ.

ചിറയിൻകീഴ്:—വലിയകടയിൽ ഒരു കുപ്പി മണ്ണെണ്ണക്കു കാർഡുണ്ടെങ്കിൽ തികച്ചും മുക്കാൽ കുപ്പിയും എട്ടേമുക്കാൽ ചക്രം വിലയുമാണെന്നു് പറയുന്നതിനെ കുറിച്ചു് അന്വേഷണത്തിൽ.

ഇടയ്ക്കോട്:—കൺട്രാക്ടർക്കു് നഷ്ടമായതുകൊണ്ടാണോ കൈതകൾവെട്ടി ആറ്റിൽതന്നെ ഇട്ടു് ഉള്ള വെള്ളത്തെ ചീത്തയാക്കുന്നതു്.

വിതുര:—ഒരു റേഷൻവ്യാപാരിയും മോഷണസൈക്കിളും കുഴപ്പങ്ങളും അടുത്തതിൽ.

നെടുമങ്ങാട്:—ഒരു ആയുർവേദ വൈദ്യന് വിനോദമാസികകൾ കണ്ടാലുടൻ വയററുവേദന വരുംപോലും. വൈദ്യാ, സംഗതി ആകെ കുഴയുമേ! പൂച്ച പുറത്തു പറയുമേ! ശ്രീകൃഷ്ണാലഞ്ച്ഹോമിനുസമീപം ഒരു സ്റ്റേഷനറികടയിൽ സകല സാധനത്തിനും അമിതലാഭം എടുക്കുന്നുണ്ടെന്നു പല അനുഭവസ്ഥന്മാരും പറയുന്നു. അതുപോലെ ഒരു കടക്കൂടി സ്ഥലത്തുണ്ടെങ്കിൽ നാട്ടുകാരുടെ പണം ഇങ്ങനെ കൊള്ളയടിക്കുമോ. "അംബിക"വിലാസം റെസ്റ്റാറൻ്റിൽ പ്രഥമൻ സഹിതമുള്ള ശാപ്പാട്ടു് രുചിയും, സൂചിയും ഒന്നുപോലെ. ആനപ്പാറനിന്നും ഒരു യക്ഷി ചന്തദിവസം സ്ഥലത്തു് ക്യാമ്പ് ചെയ്യുന്നതു് എന്തിനു്? പലർക്കും സംശയങ്ങൾ ജനിക്കുന്നു. ടൌ: സ്റ്റാൻഡിൽ എസ്. പി.-യുടെ ഹോട്ടൽ ഭംഗിയായി നടക്കുന്നു. ആശുപത്രിയിലെ ചില വിവരങ്ങൾ അടുത്തതിൽ.

ബാംഗളൂർ:—തലശ്ശേരി സഹോദരികൾ സിററിയിൽനിന്നും കൻേറാൻമെൻറിലേക്കു് താമസം മാററിയതിൽ പലർക്കും സുഖക്കേടു പിടിപെട്ടിരിക്കുന്നതായി അലസൂർവാർഡിൽ ഒരു സംസാരം നടക്കുന്നു.

കുളത്തൂർ:—റോഡ് മേസ്തിരി ഒരു തമ്പി ചെട്ടിയാരെപ്പററി അടിക്കടി വരുന്ന ലേഖനങ്ങൾ ചേർത്തു് വയ്ക്കുന്നുണ്ടു്. അന്വേഷണാർത്ഥം അടുത്ത ലക്കത്തിൽ ചേർത്തുകൊള്ളാം.

പിരപ്പൻകോട്:—വേളാവൂർ ക്ഷേത്രത്തിലെ ഈ കൊല്ലത്തെ ഉത്സവം വളരെ ഭംഗിയായി. കമ്പംനടത്തി പലരും ആശുപത്രിയിലാണു്. കഥകളി നടന്നില്ല. മന്ദശങ്കരന്മാരുടെ പ്രസംഗമുണ്ടായിരുന്നു.

സിംഗപ്പൂർ:—തൊഴിൽ ഇല്ലാതെ ഓസിനു് ശാപ്പാടിനു് നടക്കുന്ന മാന്യ ഇനിയെങ്കിലും ഈ കുസൃതി അങ്ങു് നിർത്തിക്കൂടേ! ദാമോദരൻനായരെ പത്രങ്ങൾ, മാസികകൾ, ആഴ്ചപ്പതിപ്പുകൾ മുതലായവയുടെ സ്ഥിരം ചക്കാത്തുവായനയുടെ പ്രസിഡൻറായി നിയമിച്ചിരിക്കുന്നു.


## പ്രിമിയർ ഹോട്ടൽ

ശ്രീ നാരായണകാളേജിനു സമീപം

കൊല്ലം.

ശുചിയായും, രുചിയായും തയ്യാറാക്കപ്പെടുന്ന ആഹാര പാനീയപദാർത്ഥങ്ങൾ കിട്ടുന്ന ഏക വിശ്രമസ്ഥലം.

പുനലൂർ:—കിളിത്തട്ടുകളി ടൂർണമെൻറും കൺവീനർ സാറിൻെറ കൺകെട്ടുവിദ്യയും മനസിലായി. മദ്യനിരോധന മേഖലയിൽ നിന്നും തെന്മലെ വന്നുചേരുന്ന സാധുക്കളായ പാണ്ടിക്കാരെ ഭീഷണിപ്പെടുത്തി നക്കാപ്പിച്ചാ തട്ടുന്ന ചിററുദ്യോഗസ്ഥ രഹസ്യം അടുത്തതിൽ. വാളക്കോട്ടുള്ള ഒരാശാരിച്ചോവത്തിയുടെ ഇളകിയാട്ടവും കേശവൻെറ പൂട്ടുപിടിപ്പും മൂലം പല സാധുക്കളും വിഷമിക്കുന്നുണ്ട്. ഇടമണ്ണുരുള്ള ഒരു തേക്കും കാടൻെറ ഏഷണിയും കൂട്ടിക്കെട്ടലുംമൂലം ഉണ്ടായ അത്യാഹിതംപോലെ മേലും സംഭവിക്കാതിരിക്കാൻ നാട്ടുകാർ ശ്രദ്ധിച്ചാൽ കൊള്ളാം. അലിമുക്കിലെ പരീതിൻെറ കടമുമ്പിൽ സദാസമയം ഒരു പെൺപ്രതിമ നില്ക്കുന്നതു് എന്തിനാണാവോ! വാളക്കോട്ടുള്ള മലയാലപ്പുഴയുടെ മധുസേവാ നിമിത്തം അയൽ വാസികൾ വിഷമിക്കുന്നതായറിയുന്നു. ജംഗ്ഷനിൽ ഒരു മുറുക്കട രാത്രിസമയങ്ങളിൽ ചില വിവാഹാലോചനയിൽ മുഴുകിവരുന്നതാം. 60-ൻെറ ബൾബാണുപയോഗിക്കുന്നതായും ഒരു സംസാരം.

അഞ്ചൽ:—റിപ്പബ്ളിക്കൻദിനത്തിൽ സ്ഥലം ക്യാഷ്നട്ട ഫാക്ടറി തൊഴിലാളികൾക്കു് ഒഴിവു നൾകിയില്ലെന്നും അതു് മുതലാളിയുടെ കീശ വീപ്പിക്കുന്നതിനല്ലെന്നും മനസിലായി. മാനേജരുടെ ചില വിക്രിയകൾ അടുത്തതിൽ ചേക്കാം. അഞ്ചൽ മാസ്റ്ററെ സംബന്ധിച്ചു് ഒരു ഹോട്ടലുടമസ്ഥൻ സങ്കടപ്പെടുന്നുപോൽ. ഹൈസ്കൂൾ തലമാസ്റ്ററുടെ കാലും കയ്യും അനിയന്ത്രിതമായ് വയ്ക്കപ്പെടുന്നതു് പഴയതുക്രടി ഓർത്തുകൊണ്ടായാൽ നന്നു.

പത്തനംതിട്ട:—മാക്കാൻകുന്നു റേഷൻ റാവുത്തരുടെ കരിഞ്ചന്തപ്രണയവും സഹോദര വൈരവും ഒരിക്കൽ കുടുക്കിലാകുമൊന്നാർക്കണം. ഇടത്തിട്ട കൺടാക്ടരുടെ അലങ്കാര വിശേഷങ്ങളും പ്രവൃത്തി രഹസ്യങ്ങളും മററും വിശദമായടുത്തതിൽ. താലൂക്കധിപരുടെ പ്രവൃത്തികൾ അല്പം മാർദ്ദവപ്പെടുത്തിയാൽ കൊള്ളാം. ഗണേശഭവൻ പോററിഹോട്ടൽ ഉത്തരോത്തരം അഭിവൃദ്ധിയിൽ. മി: വിശ്വംഭരൻവക "രാജൻ ടെക്സ്റ്റയിൽസിൽ വന്നുമറിയുന്ന ജവുളിത്തരങ്ങൾ കാണുമ്പോൾ ചിലക്കു് അസൂയ തോന്നുന്നതു് അതിശയമല്ലാ. കോന്നിയിലെ ഒരു ഫാറസ്റ്റർ ചാ: കൺടാക്ടറരെ വിഷമിപ്പിക്കുന്നുപോൽ.

പാരിപ്പള്ളി:—സ്വാമി ടാക്കീസ് ഒരു നല്ല സ്ഥാപനമാണു്. ബാങ്കു് പൊതുജനങ്ങൾക്കു് ഉപകാരംതന്നെ. മി: മാധവൻപിള്ളയുടെ ഹോട്ടലും ററീഷാപ്പും ഭംഗിയായ രീതിയിൽ തന്നെ. നാഷണൽ ഹോസ്പിററൽ രോഗികളുടെ സ്വർഗ്ഗലോകംതന്നെ. പ്രൊഹിബിഷൻ


## രണ്ടു സിദ്ധൌഷധങ്ങൾ

കുഷ്ഠത്തിനും, സിഫിലിസ്സിനും

കുഷ്ഠം ഏതവസ്ഥയെ പ്രാപിച്ചതായിരുന്നാലും പരിമിതകാലത്തെ ചികിത്സകൊണ്ടു് നിശ്ചയമായും ഭേദപ്പെടുത്തുവാൻ കഴിയും.

സിഫിലിസ് (ലിംഗവ്രണം)

എത്ര വർദ്ധിച്ചതായാലും ഏഴു ദിവസത്തെ ചികിത്സകൊണ്ടു് പരിപൂർണ്ണസുഖം ഉണ്ടാക്കാൻ സാധിക്കുന്നതാണു്.

N. B. രോഗികൾ വൈദ്യനെ നേരിട്ടു കാണേണ്ടതാണു്.

എൻ. വേലായുധൻ വൈദ്യൻ,
ആരോഗ്യദായിനി വൈദ്യശാല,
H. O. അവനവഞ്ചേരി P. O. ആററിങ്ങൽ.



## മോഡേൺകഫേ

സ്റ്റേററ ട്രാൻസ്പോർട്ടാഫീസു്
കൊല്ലം.

ശുചിയും രുചിയുമായ ആഹാരത്തിനും, സുഖമായി താമസിക്കുന്നതിനും പററിയ ഒന്നാന്തരം സ്ഥാപനം.

സന്ദർശിക്കുവിൻ! ആനന്ദിപ്പിൻ!!



## ന്യൂറെസ്റ്ററാൻറ്

തമ്പാനൂർ, തിരുവനന്തപുരം.

ശുചിത്വമായ കാഫിയും ശാപ്പാടും
എപ്പോഴും തയാർ.

പ്രൊ: വി. ഭാസ്കരപിള്ള.

അതിർത്തിയിൽനിന്നും ഒരു യക്ഷി തെക്കോട്ടു പറന്നു പൂവൻപാറ പാലത്തിനു സമീപം അനുഗ്രഹിക്കുന്നതായി പാലത്തിനു സമീപമുള്ള ഒരു റേഷൻകടയിൽ സ സാരിക്കുന്നു.

മടവൂർ:—പള്ളിക്കൽ റോഡിന്റെ ദയനീയമായ നില അധികൃതർ ഗൗനിച്ചാൽ കൊള്ളാം. അഞ്ചലാഫീസിനു സമീപമുള്ള ഒരു റേഷൻ കടയിൽനിന്നും ചാക്കുംപടി അരി പറക്കുന്നതായി ഒരു കേൾവി. സിദ്ധൗഷധ വൈദ്യശാലയിൽ ആശ്വാസകരമാംവണ്ണം രോഗികളെ ചികിത്സിക്കുന്നുണ്ടെന്നും വിശേഷ്യ നേത്രചികിത്സയും നടത്തിവരുന്നു.

നാവായികുളം പാർവത്യകാരുടെ അമുക്കു വിദ്യ അന്വേഷിച്ചെട്ടത്തതിൽ ദേവസ്വം ഭരണം തൃപ്തികരം. സബ്ബ് രജി: കച്ചേരിയും ലേഖനം വരുന്ന ഒരു പത്മനാഭകുറുപ്പും റേഷനും പഞ്ചസാര കരിഞ്ചന്തയും അന്വേഷിക്കട്ടെ!

കല്ലമ്പലം:—ചൂട്ടമാറാത്ത മദ്രാസ് പിത്തിലാട്ടം ആവശ്യമുള്ളവർ അഷ്ടാംഗ വൈദ്യനെ സമീപിക്കുക.

കരവാരം:—പകുതിഅങ്ങത്തേ, പണ്ടത്തെ കാലമല്ലേ! വളരെ സൂക്ഷിക്കണേ! പുതുശേരി മുക്കിലെ ഒരു റേഷൻ ഡിപ്പോയിലെ വിതരണം രാത്രികാലങ്ങളിലാണുപോൽ.

വക്കല:—പോ: ഇൻസ്പെക്ടർ മി: നാണു പണിക്കർ ഒരു സമാധാന പാലകനാണെന്നു നാട്ടുകാർ പറയുന്നു. ഹരിജൻ കാളനിക്കു് നല്ല ഭാവിയുണ്ട്. കൃഷ്ണാ സ്റ്റോർ അഭിവൃദ്ധിയിൽ. പുന്നമൂട്ടിലെ റേഷൻ വ്യാപാരിയുടെ വിതരണം ഒരു തരത്തിലാണ്. ഗവ: ആശുപത്രിയിലെ ചികിത്സ രോഗികൾക്കു് വളരെ ആശ്വാസംതന്നെ.

തേക്കട:—രാത്രി സക്കീട്ടുപോയ ഒരു ചുമ്മാ സൂപ്രവൈസ്സർക്കു് കിട്ടിയ സമ്മാനം ചൂരൽ കഷായമാണെന്നു് താന്നിമൂട്ടിൽ ഒരു സംസ്സാരം നടക്കുന്നു.

ആനാട്ടു്:—പാർവത്യകാരേപ്പറ്റി വരുന്ന ലേഖനങ്ങൾ അന്വേഷിച്ചു് അടുത്ത ലക്കത്തിൽ എഴുതികൊള്ളാം. (വി. കെ. പ.)

കുറക്കോട്ടു്:—ചീഫ്മിനിസ്റ്ററുടെ കാറിൽ നിന്നും ശ്രീ: സി. നാരായണപിള്ളയുടെ ലതർ ബാഗ് പാക്കററടിച്ചതിനുശേഷം ഭ്രാന്തുവന്ന മററൊരു സൂത്രധാരനേയും മംഗലപുരം O. P-ലെ P. C. മി: പാങ്ങപ്പാറ ചെല്ലപ്പൻപിള്ള പിടിച്ചതു് അതിലും ഭയങ്കരമാണ്.

കഠിനംകുളം:—ക്ഷേത്രത്തിന്റെ ശോച്യാവസ്ഥ ദേവസ്വം ബോർഡുകാർ ശ്രദ്ധിക്കുമോ! പകുതികച്ചേരിയിലെ ചില ഉദ്യോഗസ്ഥന്മാർ സന്ദർഭമനുസരിച്ചു് പല ഉദ്യോഗങ്ങളും സ്വീകരിച്ചുവരുന്നതായി ഒരു ബഹളം നടക്കുന്നു.

മുരുക്കുംപുഴ:—വെയിലൂർ ചിറയിൻകീഴ റോഡിന്റെ ഇന്നത്തെ നില അധികാരമുള്ള ആരെങ്കിലും ഒരു പ്രാവശ്യം കാൽനടയായിവന്നു് ഒന്നു പരിശോധിക്കണേ! തിയേററിനു സമീപം മി: രാഘവൻപിള്ളയുടെ ഹോട്ടൽ & റ്റീ ഷാപ്പു് ഉത്തരോത്തരം അഭിവൃദ്ധിയിൽ തന്നെ

പോത്തൻകോട്ടു്:—ചന്തദിവസം ചന്തയിൽ നടക്കുന്ന അഴിമതികൾ പോലീസ് ശ്രദ്ധിക്കണം. മി: കേശവന്റെ ററീ ഷാപ്പിനു നല്ല ഭാവിയുണ്ട്. ഉത്തരവാദിത്വമുള്ള സ്വർണ്ണാഭരണങ്ങൾ ആവശ്യമുള്ളവർ മി: ബാലനെ സമീപിക്കുക. തററ ആശുപത്രിയും പരിസരങ്ങളും അടുത്തതിൽ.

THE RAMAKRISHNA ELECTRIC WORKS,
Specialists in A. C. & D. C. Generator Motor Convertor, Transformer and Dynamo Repairs and Armature Windings and Dealers in Electrical Goods.
CHINNAKADA, QUILON.

ഒരുവാതിൽകോട്ട:-- ഒരു മഞ്ഞകടലാസ്സ് ജന്മിയും മാന്യൻ സക്കാരിലേക്കു നെല്ലളന്നു് പകുതിവിലയ്ക്കു് മേടിക്കാറായിപോലും.

ആലപ്പുഴ:--വൈ. എം. സി. ഏ-യിൽ താമസം ഫൺസ്സ് ഞൊണ്ടിയും സൈററടിരോഗവും മാറിയില്ലെങ്കിൽ അടുത്തതിൽ വിസ്തരിക്കാം. പൈസൺമുതലാളി റിക്'ഷായിൽ സഞ്ചരിച്ചതും അബ്'ദുള്ളായുടെ കടമുക്കിൽ സമ്മർസാട്ടടിച്ചതും എല്ലാം മനസ്സിലായി. മുല്ലക്കലുള്ള ഫൺസ്'സോപ്പ്'ഡിപ്പോ നായകൻെറ ചെട്ടികുളങ്ങര ഭരണിദിവസം നടത്തിയ സോപ്പു പ്രചരണം വളരെ കേമമായി. ഒൗണിൽ അരിസ്റ്റാക്കില്ലെന്നു് ഒരു സംസാരം പരന്നിട്ടുണ്ടു്. പഴവീട്ടിലെ ഒരു റേഷൻ വ്യാപാരി പഞ്ചസാര കാർഡുകൾ മേൽ വിലയ്ക്കുവാങ്ങി സൂക്ഷിച്ചു് കരിഞ്ചന്ത നടത്തിവരുന്നുണ്ടോ! പരിശോധാ ഉദ്യോഗസ്ഥൻ കണ്ണടച്ചതായും കേൾവിയുണ്ടു്. ചീഫ് അഞ്ചലാഫീസിലെ ചട്ടവട്ടങ്ങൾ പ്രദർശനത്തിനു മാത്രമാണെന്നു പലരും പറയുന്നു.

ആററുങ്ങൽ:—വലിയകുന്നിലെ ഒരു തണ്ടാർ ദളാക്ഷിയുടെ കണ്ടാമണ്ടിത്തരവും മാമംഗന്ധർവ്വനും അടുത്തതിൽ. കിഴക്കേ നാലുമുക്കിൽ മി: നാരായണൻനായരുടെ ററീഷാപ്പിനു് നല്ല ഭാവിയുണ്ടു്. മുൻസിപ്പൽ കമ്മിഷണരുടെ ഭരണം തൃപ്തികരം. റോഡിൽ പൊടിശല്ല്യം കുറഞ്ഞിട്ടുണ്ടു്. അഞ്ചലാഫീസിനു സമീപം പുഷ്പവ്യാപാരം മി: ഭാസ്കരപിള്ളയുടെ കടയിൽ എല്ലാ ഇനം പുഷ്പങ്ങളും മിതമായ വിലയ്ക്കു കിട്ടുന്നതാണു്. വയ്ക്കത്തുനിന്നും ഒരു മൈനാ അടിക്കടി കച്ചേരിനടയിൽ പ്രത്യക്ഷപ്പെട്ടും അത്രതന്നെ. അംബികവിലാസം റെസ്റ്റാറൻറു് ഒൗണിനു ഒരനുഗ്രഹമാണു്. കോയിക്കൽ ഒരു എക്സൈസ്സ് വാലായെ പ്രഹരാദികഷായം ഏൾപ്പിച്ച രഹസ്യം രസാവഹമാണു്. അവനവൻചേരി ചന്തമുക്കിലും ഗ്രാമത്തിലും പോലീസ് ശ്രദ്ധിക്കണം.

ഇടയ്ക്കോട്ട്:—പരുത്തിക്ഷേത്രത്തിലെ ഈ കൊല്ലത്തെ ഉത്സവം പൂർവ്വാധികം കഥകളിയോടുകൂടി നടത്തിയതിൽ ഭാരവാഹികളും ശ്രീ: വേലുവൈദ്യനും അനുമോദനാർഹരാണു്.

ചെംപൂരു്:—ഒരു സ്വർണ്ണാഭരണക്കാരൻെറ പിത്തിലാട്ടു പണികൾ അടുത്തതിൽ.

നന്ദിയോട്ട്:—മുന്നൂറു രൂപായ്ക്കു ലേലംചെയ്ത ഒരു വനംക്രൂപ്പു് നൂറുരൂപായായി വെറൊരാളിനു് അഴിച്ചു് ലേലം ചെയ്യിച്ചതു് റെയിഞ്ചരുടെ നക്കാപിച്ചയിലാണെന്നു് നാട്ടുകാർ പറയുന്ന രഹസ്യം അന്വേഷണത്തിൽ.

തോന്നക്കൽ:—എഴുത്തുകുത്തുകളും മാസികകളും വിലാസക്കാർക്കു് എത്തിച്ചുകൊടുക്കുന്നില്ലെന്നും, ആരെ കൈയിലെങ്കിലും കൊടുത്തിട്ടു പോവുകയാണു പതിവു് എന്നും നാട്ടുകാർ പരാതിപ്പെടുന്നു. ഡിപ്പാർട്ടുമെൻറിൽ നിന്നും വേണ്ടതു ചെയ്യുമെന്നു് പ്രതീക്ഷിക്കുന്നു.

വക്കം:—സി: കൃഷ്ണവിലാസം വായനശാലയും ഒരു ജാതിവ്യാപാരവും വരുന്നു.

കടയ്ക്കാവൂർ:—മി: ആർ. കുഞ്ഞുകൃഷ്ണൻെറ ജൗളിസ്റ്റോറിൽ ഒന്നാംതരം തുണിത്തരങ്ങൾ മിതമായ വിലയ്ക്കു കിട്ടുന്നതാണു്. ദേവരാജവിലാ


## പ്രത്യേക അറിയിപ്പ്

നിരാശപ്പെടരുതെ!

ഉത്സവകാലം നിങ്ങളെ സമീപിക്കുന്നു. പുഷ്പവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പനിനീർ, കർപ്പൂരം, ചന്ദനത്തിരി തുടങ്ങിയ സകലതരം സാധനങ്ങളും മിതമായ വിലക്കു് ഇവിടെ കിട്ടുന്നതാണു്.

കെ. കുട്ടൻപിള്ള.

ചാല, സന്നതുമുക്കു്—തിരുവനന്തപുരം

സംബാങ്ക് മേല്ക്കുമേൽ അഭിവൃദ്ധിയിൽ. ഗ്രാൻറു വൈദ്യശാല രോഗികൾക്ക് അനുഗ്രഹപ്രദം.

അഞ്ചുതെങ്ങ്:—മാമ്പള്ളി സ്വതന്ത്രവായനശാലയുടെ പ്രവർത്തനം പുരോഗതിയിൽത്തന്നെ. ശ്രീ നാരായണവിലാസം വൈദ്യശാലയിൽ എല്ലാവിധ ഔഷധങ്ങളും ലഭിക്കുന്നതാണ്.

ചെമ്പഴന്തി:—ഞാണ്ടുകോണം മുക്കിലെ ചൂതുകളിക്ക് ഗ്രാൻറു കൊടുക്കണേ! ഒന്നാംതരം സ്വീററു ബിസ്കററുകളും, ബന്നുകളും ആവശ്യമുള്ളവർ തിരുവനന്തപുരം പുളിമൂട്ടിൽ ശാന്താ ബേക്കറിയിൽ അന്വേഷിക്കുക.

മംഗലപുരം:—റബ്ബർതോട്ടം ഉടമസ്ഥൻ ബിനാനേത്രസേട്ട് അടിക്കടി കാറിൽ പരിശോധനാർത്ഥം വരികയും അനവധി "അവിവാഹിതകളെ" അമ്മമാരാക്കി പുറത്തുവിടുകയും ചെയ്യുന്നുണ്ടെന്ന് ഒരു പരാതിവന്നിട്ടുണ്ട്. കൂടുതൽ വിവരത്തിന് അന്വേഷിക്കുന്നു. (വി. കേ. പ.)

മദ്രാസ്:—ചെട്ട് പേട്ടയിൽനിന്നും ഇലക്ട്രിക്കു ട്രാമിൽ ബീച്ചിൽ ദിവസവും നാലുമണിക്കു പോകുന്ന ഇൻഷുറൻസ് ഏജൻറു ഗോപാലൻനായരും പാലക്കാട്ട് സരസ്വതിയും, നാലുപവൻ മാലയും, രാമകൃഷ്ണാ ലഞ്ച്ഹോമിലെ ഹലുവായും ലേഖനമായി അടുത്ത ലക്കത്തിൽ.

പൂനാ:—ലേഡീഡാക്ടർ തൃശ്ശൂർ മിസ് കമലമ്മക്കു മലയാളികളോട്ട് ഇത്ര വെറുപ്പിനു കാരണമെന്ത്. മറാട്ടികളുമായി ബന്ധമുണ്ടോ!

പലവക:—ആര്യനാട്ട് സബ്ബ്രജിസ്ട്രാർ മി: കേശവൻ പൊതുജനസമ്മതനാണ്. ഇടഗ്രാമം റോഡിൻെറ ശോച്യാവസ്ഥ P. W. D. ഗൗനിക്കണം. കുന്നുവിളക്ഷേത്രത്തിലെ ഉത്സവം നടന്നു. വരവ് ധാരാളം ഉണ്ടെങ്കിലും ചിലവു ചുരുക്കമാണെന്നു് അറിയുന്നു. കുളത്തൂർ തൃപ്പാപ്പൂർ ക്ഷേത്രക്കുളത്തിനെപ്പററി ദേവസ്വം ബോർഡുകാർ ശ്രദ്ധിക്കണേ! അമ്പലപ്പുഴ ഠൗണിനകത്ത് ശുചിത്വമില്ലെന്നും സാനിട്ടറി ഇൻസ്പെക്ടർ ചുമതലാബോധത്തോടുകൂടി തൂപ്പുകാരേക്കൊണ്ടു് റോഡു വൃത്തിയാക്കാൻ ഏർപ്പാടു ചെയ്താൽ കൊള്ളാം.

## വിവാഹ മംഗളാശംസ.

യശശ്ശരീരനായ സാഹിത്യ പഞ്ചാനനൻ P. K. നാരായണപിള്ള അവർകളുടെ പുത്രൻ ശ്രീമാൻ T. N. ഗോപിനാഥൻനായരും ശ്രീ: കുററിപ്പുറത്തു് കേശവൻനായരുടെ പുത്രി ശ്രീമതി സൗദാമനിദേവിയും തമ്മിൽ മകരം 27-ാംതീയതി മലബാറിൽ തിരൂരുള്ള വധൂഗൃഹത്തിൽ സമംഗളം നടന്ന വിവാഹത്തിന് വധൂവരന്മാർക്ക് വികടകേസരി സർവ്വവിധ മംഗളങ്ങളും ആശംസിക്കുന്നു.


## കുമാർകേഫ്

പഞ്ചാപ്പുരമുക്ക്

പാളയം, തിരുവനന്തപുരം

രുചികരമായ ആഹാരപാനീയ പദാർത്ഥങ്ങൾ വിദഗ്ദ്ധന്മാരായ പാചകക്കാരാൽ ആവശ്യാനുസരണം ചെയ്തു കൊടുക്കപ്പെടും. കൂടാതെ റൊട്ടികൾ, കേക്കുകൾ, ബിസ്കററുകൾ എപ്പോഴും തയ്യാർ.

പ്രൊ: എ കുമാർ.

## S. MOHAMED NOOHU

FORWARDING & COMMISSION AGENT

**KALPALAKADAVOO, TRIVANDRUM.**

വള്ളം, ലോറിവഴിയായി അയക്കുവാനുള്ള ചരക്കുകൾ മിതമായ റേററിൽ സുരക്ഷിതമായി കൃത്യസമയങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ ഏല്പിക്കുക.

## അന്നപൂൎണ്ണാലയം ഹോട്ടൽ

ചിന്നക്കട, കൊല്ലം.

പ്രശസ്തമായ രീതിയിൽ നടന്നുവന്നിരുന്ന പ്രസ്തുത ഹോട്ടൽ പൂൎവ്വാധികം ഭംഗിയാക്കിയിരിക്കുന്നു. യാത്രക്കാരുടേയും സ്ഥിരതാമസക്കാരുടേയും സൗകൎയ്യത്തെ ഉദ്ദേശിച്ചു് പ്രത്യേകമുറികളും കുളിപ്പുരയും തയ്യാർ ചെയ്തിരിക്കുന്നു.

മാനേജർ.

## "സിദ്ധൌഷധങ്ങൾ 3"

**സുകൃതൻ**—ജ്വരം മുതൽ, ചുമ മുതലായവയ്ക്കു് 2—0—0

**മദനാമൃതം**—ധാതുപുഷ്ടിക്കു് റാത്തൽ 1-ക്കു് 10—0—0

**നീലിതൈലം** — ചൊറിച്ചിൽ മാറാനും, മുടി വളരുവാനും 10 oz. 3—0—0

**എം. എ. ഫാർമസി,**

ചിന്നക്കട

കൊല്ലം A. O. & P. O.

സന്ദർശിക്കുവിൻ! സംതൃപ്തിയടയുവിൻ!!

## രാജാ മിൽക്ക പ്രൊഡക്ഷൻ

### ആര്യശാല, ചാല, തിരുവനന്തപുരം.

ഞങ്ങളുടെ സ്ഥാപനത്തിൽ പരിപൂൎണ്ണ ഉത്തരവാദിത്വത്തോടുകൂടിയ വെണ്ണയും, നെയ്യും കിട്ടുന്നതാണു്.

## വസന്താസാമിൽ

ചിറയിൻകീഴ് താലൂക്കിലെ മികച്ച ഏകസ്ഥാപനം

നാലുമുക്കിനു സമീപം ആററിങ്ങൽ.

ഭക്ഷ്യധാന്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി മിതമായ റേററിൽ ഇവിടെ പൊടിച്ചു കൊടുക്കപ്പെടും

മാനേജർ.

## വീട്ടിയിൽ വ്യാപാരികളുടെ

★ മഹാഭാഗ്യം ★

**പലചരക്കുകൾ** ആവശ്യമുള്ളവർ ഞങ്ങളോടു് ആവശ്യപ്പെടുക.

മിതമായവില!!

ഒന്നാംതരം സാധനങ്ങൾ!!!

ഉള്ളൂർമുക്കിനു സമീപം

**ബേബി സ്റ്റോർ,**

മാനേജർ.

ഒന്നാംതരം ബീഡി പുകയില, ബീഡിഇല ഇവയും നല്ല സയിസിലുള്ള വടക്കൻ പുകയിലയും, പലയിനം സോപ്പുകളും ഹെയർ ഓയലുകളും മിതമായ വിലയ്ക്കു് ഇവിടെ വില്ക്കപ്പെടും.

കച്ചേരിക്കു സമീപം : : ആററിങ്ങൽ.

പ്രൊ: കെ. രാഘവൻ.

രുചി, മണം, ഗുണം ഇവയ്ക്കു് "ലൈലാ" തേയിലയും, കാപ്പിയും വാങ്ങി ഉപയോഗിപ്പിൻ.

ആകർഷണീയമായ ഏജൻസി വ്യവസ്ഥയിൽ ഏജന്റൻമാരെ ആവശ്യമുണ്ടു്. ഉടൻ എഴുതുക.

**THE LYLA & CO**

PALKULANGRA TRIVANDRUM.

SWALLOW TRADE MARK BRAND

BROWN WINDSOR TROM SOAP.

## സ്വാളോ ബ്രാൻറ സോപ്പുകൾ

ബാർ—ടാബിൻ—ക്യൂബ് മുതലായവ
പല സൈസിലും കിട്ടുന്നതാണ്.

സ്വാളോബ്രാൻറ ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടിത്തം അനുസരിച്ച് സഹായ വിലക്ക് ലഭിക്കുന്നതിന് ആകർഷകമായ സൈസ്സിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതിൻെറ പ്രത്യേകത
ആകർഷകമായ നിറം—
ഹൃദ്യമായ വാസന.

ട്രാവൻകൂർ ഓയിൽമിൽസ്
ആലപ്പുഴ.

കൂടുതൽ സമയം എരിയുന്ന
**സെൽവാ മെഴുകുതിരികൾ**
വാങ്ങുവിൻ.
**S. S. രാജാ & Co.**
ന്യൂ ബസ്സാർ, ആലപ്പുഴ.

ഊററ്—മണം—രുചി ഇവക്കു്
**ലില്ലി ബ്രാൻറ് തേയില**
ഉപയോഗിപ്പിൻ.
പൂജപ്പുര, തിരുവനന്തപുരം.
മാനേജർ.

## അംബികവിലാസം റെസ്ററാറൻറ്

മീനാംബികാ തിയേററിനു സമീപം **ആററിങ്ങൽ.**
നിങ്ങൾ ആററിങ്ങൽ വരുമ്പോൾ ഞങ്ങളുടെ റെസ്റ്റാറൻറ് സന്ദർശിക്കുവിൻ
സുഖകരമായ ഭക്ഷണവും ഹൃദ്യമായ പാനീയങ്ങളും എപ്പോഴും തയ്യാർ.
പ്രൊ: P. ശങ്കരൻനായർ.

പ്രസിദ്ധിപെററ രജിസ്റ്റേർഡ് **No. 29**

## രാജൻ മെഴുകുതിരികൾ

വാങ്ങി ഉപയോഗിപ്പിൻ.
നിർമ്മാതാക്കൾ:-
**രാജൻ ഇൻഡസ്റ്റ്റിസ്-കൊല്ലം.**

തിരുവനന്തപുരം ഭൂതക.ഷ് പ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതു്.